Registered No. M-4485 Madras War Review, Malayalam—12-5-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 മേയി 12-ാംനു, വെള്ളിയാഴ്ച [ലക്കം 36

## ഇന്ത്യാ ആക്രമിക്കുമെന്ന ഭയമേ ഇല്ല

ജാപ്പാൻകാർ നിശ്ശേഷം തോല്പിക്കപ്പെടുമെന്നും, ഇന്ത്യ ആക്രമിക്കപ്പെടുമെന്ന ഭയമേ ഇല്ലെന്നുമുള്ള പൂർണ്ണവിശ്വാസത്തോടുകൂടിയാണു് ഞാൻ ബർമ്മാരംഗത്തുനിന്നു മടങ്ങിയിരിക്കുന്നതു്.

അഞ്ചു സംഗതികൾ എന്റെ മനസ്സിൽ തെളിഞ്ഞു നില്ക്കുന്നു.

പ്രഥമവും പ്രധാനവും, ശത്രുവുമായി ഉണ്ടാകാൻപോകുന്ന യുദ്ധത്തെ പ്രതീക്ഷിക്കുന്നതിൽ നമ്മുടെ ഭടന്മാർ കാണിക്കുന്ന ആത്മവിശ്വാസം, ധൈര്യം, സ്ഥൈര്യം എന്നിവയാണു്.

രണ്ടാമത്തേതു്, എവിടെ നോക്കിയാലും പ്രത്യക്ഷമാകുന്ന, ആയുധവാഹനാദിസജ്ജീകരണങ്ങളുടെ സുലഭതയാണു്.

മൂന്നാമത്തേതു്, അപൂർവ്വമായി ശത്രുക്കളിൽനിന്നു നേരിടുന്നതായ ചില്ലറ ആക്രമണങ്ങളാൽമാത്രം പ്രതിബദ്ധമായ നമ്മുടെ വൈമാനികാധിപത്യമാണു്.

നാലാമത്തേതു്, ജാപ്പാൻകാർ കുടുങ്ങിയെന്നും, വർഷാരംഭത്തിനു മുൻപു അവർ ഒന്നുകിൽ പിൻവാങ്ങുകയോ അല്ലെങ്കിൽ പരിപൂർണ്ണം നാമാവശേഷമാക്കപ്പെടുകയോ ചെയ്യുമെന്നുമുള്ളതാണു്.

ഒടുവിലത്തേതു്, യുദ്ധരംഗങ്ങളിലെ നമ്മുടെ ഭടന്മാരുടെ നേർക്കു നമുക്കുള്ള കടമയാണു്.

എന്റെ മനസ്സിൽ ഏററവും ദൃഢമായി പതിഞ്ഞ സംഗതി, ശത്രുവിനെ തോല്പിച്ചോടിച്ചല്ലാതെ തങ്ങളുടെ ഗൃഹങ്ങളിലേക്കു മടങ്ങുന്നതല്ലെന്നു വീണ്ടും വീണ്ടും ഉറപ്പു തന്നതായ ഇന്ത്യൻ പട്ടാളക്കാരുടെ ആത്മവിശ്വാസമാണു്.

ജാപ്പാൻകാർ ഒളിച്ചിരിക്കുന്ന കാടുകളിൽനിന്നു വെളിയിൽ വരുന്നയവസരത്തിൽ അവരോടെതിർക്കാൻ തക്കംനോക്കിനില്ക്കുന്ന നമ്മുടെ സൈന്യങ്ങൾ, ഇംഫാലിൽ ക്ഷേമമായി സ്ഥിതിചെയ്യുന്നുവെന്നുള്ളതാണു് പരമാർത്ഥം.

—സർ സുൽത്താൻ അഹമ്മദ്, ന്യൂ ഡെൽഹിയിൽവെച്ചു്, ചൊവ്വാഴ്ച ചെയ്ത പ്രസംഗത്തിൽനിന്നു്

ഉള്ളടക്കം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ഇന്ത്യാ ആക്രമിക്കുമെന്ന ഭയമേ ഇല്ല .. .. | 1 | തച്ചോളിച്ചന്തു .. .. .. | 8, 9 |
| വൎത്തമാനച്ചുരുക്കം .. .. .. | 2 | 1892 ലെ ഇന്ത്യൻ സൈന്യം .. .. | 10 |
| അഭിപ്രായക്കുറിപ്പുകൾ .. .. .. | 3, 4 | ഒരു വീരബാലൻ .. .. .. | 11 |
| യൂറോപ്പ് —സാമ്രാജ്യ സമ്മേളനം .. .. | 5, 6 | ഒരാപത്തു .. .. .. .. | 12 |
| ശ്രീ സുന്ദരേശ്വരം ക്ഷേത്രം .. .. | 7 | | |


# വൎത്തമാനച്ചുരുക്കം

അമേരിക്കയിലെ ക്വേക്കേർസ്, ഇന്ത്യയിലെ ക്ഷാമനിവാരണത്തിന്നായി 10,000 പൊതി കട്ടിപ്പാലും, 3,000,000 വിററമിൻ ഗുളികകളും, 6,000,000, സൽഫഗുളികകളും അയക്കാമെന്നു പ്രഖ്യാപനം ചെയ്തിരിക്കുന്നു.

* * *

നിലക്കടലയിൽ നിന്നും ഒരുതരം തുണി ഉണ്ടാക്കാമെന്നു അമേരിക്കൻ ഗവേഷണ വിദഗ്ദ്ധന്മാർ കണ്ടുപിടിച്ചിരിക്കുന്നു. ഇതു കൂടാതെ വേറേയും എന്തൊക്കെയോ ഉപയോഗപ്രദവും വിലയേറിയതുമായ സാധനങ്ങൾ നിലക്കടലയിൽ നിന്ന് ഉണ്ടാക്കാവുന്നതാണെന്ന് അവർ തന്നെ പ്രസ്താവിക്കുന്നുണ്ട്.

* *

ടോക്കിയോവിലെ വൎത്താവിതരണോദ്യോഗസ്ഥൻ മി. സഡാവോ ഇഗുച്ചി (Sadao Iguchi) ജപ്പാൻകാരുടെ കീഴിലുള്ള അമേരിക്കൻ യുദ്ധത്തടവുകാൎക്കു ദുരിതനിവാരണ സാമഗ്രികളും കത്തുകളും എത്തിക്കുന്നതിലേക്കു, അമേരിക്കയിൽ നിന്നു ഒരു കപ്പൽ വ്ലാഡിവോസ്റ്റോക്കു വഴി ജപ്പാനിലേക്കു പോകുന്നതിന്നു അനുവദിച്ചിരിക്കുന്നു.

* * *

ബോംബേയിലീയിടെയുണ്ടായ അഗ്നിബാധയിൽനിന്നു സംഭവിച്ച നാശങ്ങളുടെ പരിഹാരത്തിന്നായി ബഹു. മദിരാശി ഗവൎണ്ണർ 50,000 ഉറുപ്പിക യുദ്ധഫണ്ടിൽ നിന്നു ബോംബേ ഗവൎണ്ണൎക്കു അയച്ചിരിക്കുന്നു. ബഹു. മദിരാശി ഗവൎണ്ണർ പ്രസ്തുത അനിഷ്ടസംഭവത്താലലയുന്നവരോടു തനിക്കുള്ള സഹതാപം രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

## യാത്രയയപ്പ്

(ശ്രീ താമററാട്ട് ഗോവിന്ദൻകുട്ടി നായർ, തവനൂർ)

(“ ഓമനക്കുട്ടൻ എന്ന മട്ടു ”)

പോയ്വരട്ടെ ഞാൻ, പോയ്വരട്ടെ ഞാ-
നോമലെ, ജീവനായികേ !
ശത്രുവെ വെല്ലാൻ—സ്വാതന്ത്ര്യം നേടാ-
നെത്രയും വേഗം പോകട്ടെ.
ഘോരരൂപൻ ; കഠോരമാനസൻ ;
ക്രൂരനാം ജാപ്പു കാട്ടാളൻ
ഭാരതാംബതൻ ചാരിത്രം പോക്കാൻ
പാരമുത്സുകനായിതാ
പാഞ്ഞണയുന്നു ; പാഞ്ഞണയുന്നു ;
മഞ്ജുളാംഗി, മദാന്ധനായ് !
ആ ദുരാഗ്രഹമൂൎത്തി, ഭാരത-
മേദിനിയുടെ കുന്തലിൽ
വാശ്ശും മോഹമോടാഞ്ഞടുപ്പൂ കൈ-
വെക്കുംമുമ്പെ ഞാൻ പോകട്ടെ.
അക്കുടിലനെ വെന്നു, കീൎത്തിയും-
കൈക്കലാക്കി മടങ്ങവേ,
നമ്മുടെ നരപാലനാൽ വേണ്ടും-
സമ്മാനംനേടി വന്നു ഞാൻ
നിച്ചിലും നിൻപ്രണയപ്പൂന്തോപ്പിൽ
കൊച്ചുഭൃംഗമായ് പാടീടാം.

(കാകളി)

ആ യുവകാമുകൻ യാത്രചൊല്ലീടവേ-
യേവം നവോഢയുരച്ചു സഗദ്ഗദം :—
“ ജീവേശ, നിന്നഭാവത്തെ വിചാരിച്ചു-
വേവുന്നു ഹാ ! വിരഹാഗ്നിയാലെന്മനം.
എങ്കിലും താവക കൎത്തവ്യ ബുദ്ധിയെ-
പങ്കിലമാക്കുകയില്ലണുപോലുമേ.
പോൎക്കളംതന്നിലാ ജാപ്പുനിശാചര-
കൎക്കശന്മാരോടു മല്ലടിക്കുന്നതും,
ശത്രുവെ വെന്നു സൽകീൎത്തിലഭിച്ചുകൊ-
ണ്ടാത്തമോദം ഭവാനാഗമിക്കുന്നതും,
സ്വപ്നത്തിലനവഹം കണ്ടുകൊണ്ടങ്ങു ഞാൻ
സൽപ്രേമഗാനം രചിക്കുമേ നിത്യവും.
പോവുക, പോവുക പോൎക്കളേ ധൈൎയ്യമായ്
ഭാരതത്തിന്റെ യശസ്സിന്നു മേന്മ നീ.

# ആഴ്ചക്കുറിപ്പുകൾ

## മണിപ്പൂർമല രംഗം: കൊഹിമ,—ഇംഫാൽ പ്രദേശത്തേക്കു ഒരു പ്രത്യവലോകനം.

മണിപ്പൂർ സമരനിരയുടെ എല്ലാ വിഭാഗങ്ങളിലും ജാപ്പാൻകാരുടെ എതിർപ്പ് ശക്തിയായുണ്ടെന്നും, ഈയിടെ നഷ്ടപ്പെട്ടുപോയ സ്ഥലങ്ങൾ വീണ്ടെടുക്കുന്നതിന്നായി അവർ വളരെ ബലമായി പ്രത്യാക്രമണങ്ങൾ നടത്തുന്നുണ്ടെന്നും, മൌണ്ട്ബാററൻ പ്രഭുവിന്റെ സൈനികകേന്ദ്രങ്ങളിൽനിന്ന് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. കൊഹിമായിൽ ഘോരസമരം നടക്കുന്നു. ആ പട്ടണത്തിന്റെ തെക്കും വടക്കും ഉള്ള സ്ഥലങ്ങൾ നമ്മുടെ സൈന്യങ്ങൾ പിടിച്ചെടുത്തിരിക്കുന്നു. ഇന്നത്തെ യുദ്ധം ആരംഭിച്ച സമയം കൊഹിമ പ്രദേശത്തിന്റെ മുക്കാൽഭാഗം ജാപ്പാൻകാരുടെ കൈവശമായിരുന്നു, ഇപ്പോഴാകട്ടെ പകുതിയിലധികംഭാഗം നമ്മുടെ സൈന്യങ്ങളുടെ അധീനത്തിലാണ്, എന്നു ഒരു യുദ്ധലേഖകൻ പറഞ്ഞു കാണുന്നതിൽനിന്ന് നമ്മുടെ സൈന്യങ്ങളുടെ പുരോഗതി ഏറെക്കുറെ ഊഹിക്കാമല്ലോ. ചില്ലറ ഏറ്റുമുട്ടലുകൾ നടന്നിരുന്ന ഇംഫാൽ പ്രദേശത്താകട്ടെ, ഐക്യകാവൽ സൈന്യങ്ങൾ ഇംഫാലിന്നു വടക്കോട്ടുള്ള കോഹിമ റോഡിൽ ഇരുപത്തെട്ടു മൈൽ കേറിയിട്ടുണ്ട്. ഈ രണ്ടു പ്രദേശങ്ങളിലും, മുൻകൈ നാം ശത്രുക്കളിൽനിന്നു തട്ടിയെടുത്ത മാതിരിയാണ് സ്ഥിതിയെന്നു പറയാം.

കഴിഞ്ഞ് രണ്ടാഴ്ചത്തെ പ്രവൎത്തനങ്ങളുടെ ഗതി വീക്ഷിക്കുമ്പോൾ, ആപൽക്കരമായ നാഗമലവഴിക്ക് സൈനിക പുനശ്ശക്തീകരണത്തിലും, ഭക്ഷണസജ്ജീകരണത്തിലും ജാപ്പാൻകാൎക്കുള്ള പ്രാപ്തിയെ നാം അധഗ്ഗണിച്ചില്ലയൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യമായ അധഗ്ഗണനയുടെ ഫലമായാണ് 14-ാം സൈന്യം ആഹാരസാധനങ്ങൾക്ക് ആശ്രയിച്ചിരുന്ന ആ റോഡിനെ ശത്രുക്കൾ ഭേദിച്ചതു്. തെക്കു ടിഡ്ഡിം മുതൽ ഇംഫാലിൽക്കൂടി കൊഹിമവരേയും, പിന്നീടു ആസ്സാം-ബൎമ്മാ റെയിൽവേയിലെ ഡിമാപ്പൂർവരെയും ഉള്ള ഈ റോഡ്, യുദ്ധരംഗത്തിന്നു സമാന്തരരേഖമായാണ് കിടക്കുന്നതു്.

ജാപ്പാൻകാരുടെ ത്രിശാഖമായ മുന്നേററം, ഈ നിരത്തിനെ രണ്ടായി ഭേദിച്ച്, സമരരംഗത്തെ മുഴുവൻ കുഴക്കാനായി നടത്തിയതായിരുന്നു. ഒരിക്കൽ വളരെ വിഷമമായ ഒരു ഘട്ടം നേരിട്ടു, എങ്ങിനെയെന്നുവെച്ചാൽ, 17-ാം ഇന്ത്യൻ സൈന്യത്തെ ടിഡ്ഡിമിന്നു വടക്കുവെച്ചു വളഞ്ഞുകൊണ്ട്, ഇംഫാലിന്നു ഇരുപതു നാഴിക വടക്കുവരെയുള്ള ടിഡ്ഡിം-ഇംഫാൽ നിരത്തിനെ, ശത്രു അധീനമാക്കി. ഈ ഘട്ടത്തിലായിരുന്നു 17-ാം സൈന്യത്തിനെ നാമാവശേഷമാക്കിയെന്നു ടോക്കിയോവിൽനിന്നു പ്രക്ഷേപണമുണ്ടായതു്. എന്നാൽ, നമ്മുടെ സൈന്യമാകട്ടെ, ആ ശത്രുവലയത്തെ ഭേദിച്ച്, ഇംഫാൽ സമതലത്തിൽക്കൂടി ക്ഷേമമായി വെളിയിൽവന്നു. നമ്മുടെ കാവൽ സൈന്യത്തെ ടാമു-ഇംഫാൽ റോഡിൽ, ഇംഫാലിൽനിന്ന് നാല്പത്തഞ്ചു മൈൽ അകററിയതാണ് ശത്രുവിന്റെ മൂന്നാമത്തെ പരിശ്രമം. കുറേക്കൂടി വടക്കായിട്ടു, ഇംഫാലിന്നും കൊഹിമായ്ക്കും ഇടയ്ക്കും, കൊഹിമായ്ക്കും ഡിമാപ്പൂരിന്നും ഇടയ്ക്കും ഉള്ള നിരത്തിൽ, ശത്രു പ്രതിബന്ധങ്ങളുണ്ടാക്കിത്തീൎത്തു. അതിന്നുശേഷം ഗതിയൊക്കെ മാറി. കൊഹിമ വീണ്ടെടുക്കുകയും, ഇംഫാലിൽനിന്നു മണിപ്പൂർ റോഡിനെ തെളിക്കാനുള്ള പ്രവൎത്തനങ്ങൾ ആരംഭിക്കയും ചെയ്തിരിക്കുന്നു. മുപ്പതു മൈൽ വീതിയും നാല്പത്തഞ്ചു മൈൽ നീളവുമുള്ളതായ ഇംഫാൽ സമതലത്തെപ്പററിയാണെങ്കിൽ, അതു ഒരു നല്ല സൈന്യത്താൽ പരിരക്ഷിതമാണെന്നു പറയാം; കൂടാതെ, കൊഹിമയിൽ തോററ ശത്രുക്കൾ ഇംഫാലിൽ ജയിക്കാനിടയില്ലതാനും.

## ഉത്തര ബൎമ്മാ രംഗം—സ്റ്റിൽവെല്ലിന്റെ പുരോഗതി

കാലാവസ്ഥകൊണ്ട് ഉത്തരബൎമ്മയിലെ പ്രവൎത്തനങ്ങൾ ചുരുങ്ങിയിരിക്കുന്നുവെങ്കിലും, ജനറൽ സ്റ്റിൻവെല്ലിന്റെ അമേരിക്കരും ചീനരും ചേൎന്ന സൈന്യം, കൂടുതൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കയിൽ പരിശീലനം ലഭിച്ചിട്ടുള്ള രണ്ടു ചൈനാപ്പട്ടാളങ്ങളും, ഒരു അമേരിക്കൻ പട്ടാളവും, നിരവധി ചൈനീസ് ഗെറില്ല സംഘങ്ങളും ഈ സൈന്യത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. പുതിയ ബൎമ്മറോഡു വെട്ടുന്നതിലേക്കായി കാടു തെളിക്കുകയാണ് ഇവരുടെ ജോലി. ലെഡോവിൽനിന്നു പംഗാവു മലയിടുക്കിൽക്കൂടി, തെക്കുകിഴക്കുള്ള ഹുക്കോങ്ങ് താഴ്‌വരകൾ കടന്ന്, മിട്കിനായിലേക്കും, മോഗോങ്ങിലേക്കും ഒരു മെററൽ റോഡുണ്ടാക്കിയാണ് അവർ മുന്നോട്ടു വന്നിരിക്കുന്നതു്. മിട്കിനായിലെത്തിക്കഴിഞ്ഞാൽ, ഈ നിരത്തിനെ തെക്കോട്ടു ഭാമൊവരെ നീട്ടിക്കൊണ്ടുപോയേക്കാനിടയുണ്ട്. പഴയ ബൎമ്മറോഡിനെ യൂനാൻ സംസ്ഥാനത്തിലെ വാണ്ടിംഗുമായി യോജിപ്പിക്കുന്ന ഒരു നല്ല റോഡു അവിടെനിന്ന് പോകുന്നുണ്ട്.

പക്ഷെ ഇതെല്ലാം സംഭവിക്കുന്നതിന്നുമുൻപു, യുറോപ്പിലെ യുദ്ധഗതി പരമാവസ്ഥയിലെത്തുകയും കലാശിക്കുകയും ചെയ്യേക്കാം. അതേസമയം സ്റ്റിൽവെൽ മിഡ്കിനായിലെത്തി, തൻെറ നില ഉറപ്പിക്കേണ്ടതായുണ്ടു്.

## യുദ്ധാനന്തര വ്യാവസായം

യുദ്ധകാൎയ്യപരിശ്രമഫലമായി ഇന്ത്യക്കു പല ഗുണങ്ങളുണ്ടായിട്ടുണ്ടു്. വ്യാവസായികമായ പുരോഗതി അവയിൽ വളരെ പ്രധാനമായ ഒന്നാണു്. യുദ്ധസാമഗ്രികളും, സമാധാനകാലത്തെ ആവശ്യങ്ങൾക്കുപകരിക്കുന്ന സാധനങ്ങളും, വിദേശങ്ങളിൽനിന്നു ഇറക്കുമതിചെയ്യാൻ യുദ്ധകാൎയ്യപരിതസ്ഥിതികൾ അനുകൂലമല്ലാത്തതിനാൽ, അവയിൽ പലതും നാം ഇന്ത്യയിൽതന്നെ ഉണ്ടാക്കിവരുന്നു. ഉരുക്കു്, കണ്ണാടി, മരുന്നുകൾ തുടങ്ങിയവയിലെ വ്യാവസായിക പുരോഗതി എത്രയും ശ്രദ്ധേയമാണു്. ഗവേഷണവിദഗ്ദ്ധന്മാർ പല ശാഖകളിലും അനവധി വിലതീരാത്ത കണ്ടുപിടിത്തങ്ങൾ നേടിയിരിക്കുന്നു. സമാധാനകാലത്തേക്കു അവയിൽ പലതും വലിയ ഉപകാരമാവുമെന്നതിന്നു സംശയമില്ല.

നിലക്കടലയിൽനിന്നു ചില നാരുകൾ എടുക്കാമെന്നു ഐക്യസംസ്ഥാനത്തിലെ ഒരു ഗവേഷണശാലയിൽ ഡാക്ടർ എച്ചു്. എസ്. മാർക്ക്ലി കണ്ടുപിടിച്ചിരിക്കുന്നു. പട്ടിനേപ്പോലെയോ അഥവാ അതിലുപരിയായോ നേൎത്ത ഒരുതരം തുണി അതിൽനിന്നു നെയ്യുണ്ടാക്കാമെന്നു അദ്ദേഹം പരീക്ഷണഫലമായി പറയുന്നു. പ്രസ്തുത നാരിനെ തനിയേയോ, കമ്പിളിയോടോ പട്ടിനോടോ ചേൎത്തോ, ഉപയോഗിക്കാവുന്നതാണു്. ഇങ്ങിനെ ഉണ്ടാക്കിയ നൂൽ സോയാബീനിൽനിന്നെടുത്ത നൂലിനേക്കാൾ ഉയൎന്നതരമാണെന്നും പറയപ്പെടുന്നു. ഇതുകൂടാതെ പ്രോട്ടിൻ തുടങ്ങിയ ഔഷധസാമഗ്രികളും ഇതിൽനിന്നു ഉണ്ടാക്കാം. നിലക്കടലയിൽനിന്നു ഇത്ര വളരെ ഉപയോഗമുള്ള സാധനങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതിൽനിന്നു്, ഇന്ത്യക്കു അതിഭാസുരമായ വ്യാവസായിക ഭവിയുണ്ടെന്നു നമുക്കു ആശിക്കാൻ സകല ന്യായവുമുണ്ടു്.

വാഴനാരിൽനിന്നു ഒരുമാതിരി പട്ടുണ്ടാക്കുക നമ്മുടെ നാട്ടിൽ പണ്ടേയുണ്ടായിരുന്ന ഒരു പതിവാണു്. ഈ വസ്തുത ജാപ്പാൻകാൎക്കു ഒരു പുതിയ കണ്ടുപിടുത്തഫലമാണു്. നമ്മുടെ നാട്ടിൽ ദുരുപയോഗമെന്നു കരുതപ്പെട്ടിരുന്ന അനവധി ചെടികളിൽനിന്നും ഇമ്മാതിരി നാരുകൾ എടുത്തു്, വേണ്ടവണ്ണം സംസ്കരിച്ചാൽ വിലയേറിയ വ്യാവസായിക സാദ്ധ്യതകൾ നമുക്കുണ്ടാകുന്നതാണു്. ഏതായാലും യുദ്ധത്തിൻെറ ഫലമായി ഇന്ത്യക്കു പല ഗുണങ്ങളും ഉണ്ടായിട്ടുള്ളതിൽ, നമ്മുടെ വ്യാവസായിക പുരോഗതി വളരെ പ്രധാനമായ ഒന്നായി ഗണിക്കാവുന്നതാണു്.


### എസ്. എസ്. എസ്.

എല്ലാവരും പ്രതിദിനം കാലണവീതം സമ്പാദിക്കുകയാണെങ്കിൽ,

ഇന്ത്യക്കു ഒരു കൊല്ലത്തിൽ 250 കോടി ഉറുപ്പിക സമ്പാദ്യമുണ്ടാവും

ഇന്ത്യയുടെ ഉദ്ധാരണത്തിന്നായി ഈ പ്രസ്ഥാനത്തിൽ ചേരുക.

ദേശീയ സമ്പാദ്യപ്പത്രം

വാങ്ങുക.


## ഒരു മദിരാശി കുസുമം

## ഇംഫാലിൽ വികസിക്കുന്നു!

## ഷൺമുഖവേൽ പണ്ടാരത്തിൻെറ ധീരകൃത്യം

വിമാനവിനാശി സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്ന ദക്ഷിണേന്ത്യക്കാർ, ഇംഫാൽ സമരരംഗങ്ങളിലെ ആക്രമണവേളയിൽ, അഞ്ചു ജാപ്പാൻ വിമാനങ്ങളെ നശിപ്പിക്കുകയോ, അഥവാ, ഗണ്യമായി അപായപ്പെടുത്തുകയോ ചെയ്തിരിക്കുന്നതായി ഒരു സൈനികനിരീക്ഷകൻ പറയുന്നു.

അവൎക്കു കിട്ടിച്ചു് ഒരു കൊല്ലത്തിൽ ചില്വാനം കാലത്തെ പരിശീലനമേയുള്ളു; ഏതാനും മാസത്തെ കഠിന പരിശീലനത്തിന്നും, കുറേക്കൂടി കാലത്തെ ക്ഷമാപൂൎവ്വമായ നിരീക്ഷണത്തിന്നും ശേഷമാണു്, അവൎക്കു് പ്രഥമ പ്രവൎത്തനാവസരം ലഭിച്ചതു്.

ലഘുഭക്ഷണം കഴിക്കാനായി പുറപ്പെടാറായിരുന്ന ഒരു സൈന്യവിഭാഗമാണു് ഒരു ജാപ്പു വിമാനത്തെ നാമാവശേഷമാക്കിയതു്.

ആ സംഘത്തിലെ നായകൻ ചെങ്കോട്ടക്കാരൻ നായിക് ഷൺമുഖവേൽ പണ്ടാരമാണു്. സംഭവം നടന്ന ഉടൻതന്നെ അയാൾക്കു, അവിടുത്തെ കേൎണൽ, ഹവിൽദാരായി കയററം കൊടുത്തു. ഈ യുദ്ധമില്ലായിരുന്നെങ്കിൽ, സുമുഖനും സംസ്കാരസമ്പന്നനുമായ ഇയാൾ, തൻെറ പിതാവിൻെറ പുഷ്പവ്യാപാരത്തിൽ ലയിച്ചു്, സ്വദേശത്തെ ക്ഷേത്രത്തിൻെറ പരിസരങ്ങളിലിരിക്കുമായിരുന്നു.

മദിരാശിക്കാരായ ഈ വിമാനവിനാശിനി സൈന്യക്കാൎക്കു, അസാദ്ധ്യ വീക്ഷണശക്തിയുണ്ടു്. "അവൎക്കു വെറും മാംസചക്ഷുസ്സുകൾകൊണ്ടു്, ഒരു പൂജ്യം സൂക്ഷ്മമായിക്കാണാം; നാമാകട്ടെ, അതേ സമയം, കണ്ണടകളുടെ സഹായത്തോടുകൂടി, ക്ലേശിച്ചു്, അതെന്തെന്നു് കണ്ടുപിടിക്കുവാൻ വെമ്പിക്കൊണ്ടിരിക്കുകയായിരിക്കും" എന്നു് ഒരു ബ്രിട്ടീഷ് സാൎജ്ജൻറു പറഞ്ഞുകാണുന്നു.

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

മദിരാശി: 1944 മേയി 12-ാംനു, വെള്ളിയാഴ്ച

## യൂറോപ്പ്—മറെറാരു സമരമുഖം

യൂറോപ്പിൽ മറെറാരു സമരമുഖം ആരംഭിക്കുന്നതിനെക്കുറിച്ചു സംസാരങ്ങൾ തുടങ്ങിക്കൊണ്ടിരിക്കുന്നു. കാര്യഗൌരവമോർത്തു അധികൃതന്മാരും യുദ്ധവിമർശകന്മാരും അതിനെപ്പററിയുള്ള വിവരങ്ങൾ പൂർണ്ണമായി പുറത്തുവിടുന്നില്ലെങ്കിലും, അങ്ങുമിങ്ങുമായി കിട്ടിവരുന്ന വാർത്താശകലങ്ങൾ അതിലേക്കുള്ള ഒരുക്കങ്ങൾ മിക്കവാറും പൂർത്തിയായിരിക്കുന്നുവെന്നു സ്പഷ്ടമാക്കുന്നുണ്ടു്. ഒരാഴ്ച മുമ്പെ ഒരു സ്വീഡൻ പത്രം, ഡെന്മാർക്കിൽ ആക്രമണം ആരംഭിച്ചിരിക്കുന്നുവെന്നു് കൂടി പ്രസ്താവിക്കയുണ്ടായി. ആ വർത്തമാനം ഫിൻലണ്ടു് വഴിക്കു വന്നതാകയാൽ, ശത്രുക്കളുടെ കൈ അതിലുണ്ടെന്നു സ്പഷ്ടമാണു്. ഐക്യശക്തികളുടെ സന്നാഹത്തെപ്പററിയും, അവരുടെ ലക്ഷ്യത്തെപ്പററിയും, അറിവാൻ അത്യുൽക്കണ്ഠയോടുകൂടിയാണു് 'അച്ചുതണ്ടു' കാരിരിക്കുന്നതെന്നുള്ളതിലേക്കു സംശയമില്ല. അവരുടെ എടുത്തുചാട്ടത്തിന്നു റഷ്യ വിരാമമിട്ടു. ഇനി കിട്ടിയതു വിടാതെ ചെറുത്തുനിന്നു സ്വരക്ഷക്കു വഴി നോക്കിയാൽ മതിയെന്നാണു് അവരുടെ നില. മാർഷൽ പെററയിനെക്കൊണ്ടു, ആക്രമിക്കുന്ന സൈന്യത്തെ യാതൊരു വിധത്തിലും സഹായിക്കരുതെന്നു ഫ്രഞ്ചുകാർക്കു ഒരഭ്യർത്ഥനയും ചെയ്യിച്ചിട്ടുണ്ടു്.

ഇംഗ്ലണ്ടിൽ "ആക്രമണാഭ്യാസങ്ങൾ" മുറയ്ക്കു നടക്കുന്നതായി അവിടത്തെ പത്രങ്ങളിൽ നിന്നറിയുന്നുണ്ടു്. എല്ലാ കക്ഷികളും ദേശീയൈക്യത്തിന്റെ പ്രാധാന്യത്തെ പ്രശംസിക്കുന്നു. മററു രാജ്യങ്ങളുമായുള്ള "ലൌകിക ബന്ധങ്ങ"ളും തല്ക്കാല രക്ഷ കരുതി വേണ്ടെന്നു വെച്ചിരിക്കുന്നു. ഇതെല്ലാം വരാൻ പോകുന്ന സംഭവത്തിന്റെ സൂചനകളാണെന്നതിലേക്കു സംശയമില്ല.



ഐക്യവിമാനങ്ങളുടെ പ്രവർത്തനത്തിൽനിന്നു്, ജർമ്മൻ വിമാനസേനയുടെ ചിറകൊടിച്ചതിന്നുശേഷവും, യന്ത്രനിർമ്മാണശാലകളെ കഴിയുന്നതും തകർത്തതിന്നുശേഷവും ആക്രമണം ആരംഭിക്കുന്നതായാൽ, വിജയം അധികം സുകരമായിരിക്കുമെന്നു് ഐക്യനേതാക്കന്മാർക്കു് അഭിപ്രായമുള്ളതായി ഊഹിക്കേണ്ടിയിരിക്കുന്നു. അമേരിക്കൻ വിമാനസൈന്യം വിശ്രമമില്ലാതെയാണു് ഇപ്പോൾ പ്രവർത്തിക്കുന്നതു്. മേയി 8-ാം തിയ്യതി ഫ്രാൻസിന്റെ വടക്കുഭാഗത്തു് 36 മണിക്കൂർ നേരം ബോമ്പു് വർഷിച്ചതായറിയുന്നു. അതേ തിയ്യതിക്കുതന്നെ ബർലിനും ബ്രസ്സൽസിക്കും തീമഴക്കു ഇരയായതായും കാണുന്നു. 119 നാസി വിമാനങ്ങൾ അന്നു നിലംപതിക്കുകയുമുണ്ടായി. ഈ സംഭവങ്ങളെല്ലാം യൂറോപ്പാക്രമണത്തിന്റെ പൂർവ്വപീഠികയായി കരുതാവുന്നതാണു്.

## സെബാസ്റ്റപോൾ

കരിങ്കടലിലെ ഒരു പ്രധാന തുറമുഖമായ സെബാസ്റ്റപോൾ കൈവിടാതിരിപ്പാൻ, ജർമ്മൻകാർ കൊണ്ടുപിടിച്ചു ശ്രമിക്കുന്നുണ്ടെന്നു് മുൻലക്കത്തിൽ സൂചിപ്പിക്കയുണ്ടായല്ലോ. അവിടെ അതിഗംഭീരമായ ഒരു നിരോധത്തിൽ, ഇരുകക്ഷികളും തങ്ങളുടെ സർവ്വശക്തിയും പ്രയോഗിച്ചുകൊണ്ടിരിക്കയാണു്. ജർമ്മൻകാരുടെ "രക്ഷാനിരകൾ" റഷ്യക്കാർ ഭേദിച്ചുവെന്നായി ഇന്നത്തെ കമ്പിവർത്തമാനത്തിൽനിന്നു വെളിവാകുന്നുണ്ടു്. കോൺക്രീററുകൊണ്ടും മററും ഉറപ്പിൽ കെട്ടിയിട്ടുള്ള കോട്ടമതിലുകളാണു്, ഇപ്പോൾ റഷ്യക്കാർ തകർക്കുന്നതു്. ഇതിൽനിന്നു് ആ പട്ടണം സുരക്ഷിതമാക്കാൻ ജർമ്മൻകാർ ചെയ്തിട്ടുള്ള ഒരുക്കങ്ങളുടെയും അതു വീണ്ടെടുക്കുന്നതിലുള്ള പ്രയാസത്തിന്റെയും ഏകദേശജ്ഞാനം നമുക്കുണ്ടാവുന്നുണ്ടു്. അവിടെനിന്നു് ജർമ്മൻകാരെ ഓടിച്ചുകഴിഞ്ഞാൽ പിന്നെ, യുദ്ധം യൂറോപ്പിന്റെ മദ്ധ്യത്തിലേക്കു് തിരിയുന്നതാണു്.

## സാമ്രാജ്യസമ്മേളനം

മേയി ഒന്നാം തിയ്യതി ലണ്ടനിൽവെച്ചുകൂടിയ സാമ്രാജ്യമന്ത്രിസമ്മേളനം ഒരു വിശേഷസംഭവം തന്നെയാണു്. ഈ യുദ്ധത്തിന്റെ ഒരു വിഷമഘട്ടത്തിലാണു് ഈ സമ്മേളനം ചേർന്നിരിക്കുന്നതു്. സ്വയംഭരണാധികാരമുള്ള സാമ്രാജ്യത്തിലെ അംഗരാജ്യങ്ങളുടെയും, ഇന്ത്യയുടെയും, പ്രതിനിധികൾ ഇതിൽ സമ്മേളിച്ചിട്ടുണ്ടായിരുന്നു. യുദ്ധത്തിലേക്കു് ബ്രിട്ടീഷു സാ

മ്രാജ്യമൊട്ടാകെ ചെയ്തിട്ടുള്ള സഹായവും സന്നാഹവും അക്ഷശക്തിയെ വിസ്മയിപ്പിച്ചിട്ടുണ്ടു്. ബ്രിട്ടീഷ് സാമ്രാജ്യം ഒരു വലിയ ആന പോലെയാണെന്നും, മർമ്മം നോക്കി ഒരടി അടിച്ചാൽ, അതു അങ്ങിനെ തന്നെ 'ചരി' യുമെന്നും ആണു് അവർ വിചാരിച്ചിരുന്നതു്. എന്നാൽ ഈ യുദ്ധത്തിൽ, ആ ധാരണ തെററാണെന്നു് അവൎക്കു ബോധ്യമായിരിക്കുന്നു.

ഇത്തരത്തിലൊരു സമ്മേളനം 1887 ൽ വിക്ടോറിയ രാജ്ഞിയുടെ കനകജൂബിലിയാഘോഷാവസരത്തിൽ, അന്നത്തെ കൊളോണിയൽ സെക്രട്ടറി സ്റ്റാൻഹോപ്പാണു് ആദ്യം വിളിച്ചുകൂട്ടിയതു്. അന്നു ഇതിന്നു നിയമപ്പെട്ട്യാ സാധുത്വമൊ, പ്രാധാന്യമൊ, ഉണ്ടായിരുന്നില്ലെങ്കിലും, സ്റ്റാൻഹോപ്പ് ഇതിന്റെ ഭാവിയെപ്പററി ദീൎഘദൎശനം ചെയ്യുകയുണ്ടായി. ഇരുപതു കൊല്ലത്തിന്നുശേഷമാണു് ഈ സഭ ക്രമമായി സമ്മേളിക്കുവാനുള്ള ചട്ടവട്ടങ്ങളെല്ലാം ഉണ്ടാക്കിയതു്. ഈ യുദ്ധത്തിൽ ഈ സഭയുടെ പ്രാധാന്യം കൂടിക്കൂടി വരുന്നുണ്ടു്. കഴിഞ്ഞ മഹായുദ്ധംപോലെയല്ല ഈ ലോകമഹായുദ്ധം. ആദ്യത്തേതു് യൂറോപ്പിനെ മാത്രമെ ബാധിക്കുകയുണ്ടായുള്ളു. ഇന്നത്തെ യുദ്ധമാകട്ടെ, ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നു. സാമ്രാജ്യങ്ങളുടെ അംഗങ്ങൾ തമ്മിലുള്ള കൂട്ടുകെട്ടും പൂൎവ്വാധികം ദൃഢതരമാക്കിയിട്ടില്ലെങ്കിൽ സാമ്രാജ്യങ്ങൾ തന്നെ നശിക്കുമെന്ന ഘട്ടത്തിലുമെത്തിയിരിക്കുന്നു. ഈ ഘട്ടത്തിൽ ഏകോപിച്ചു പ്രവൎത്തിക്കണമെന്നു് ബ്രിട്ടീഷ് സാമ്രാജ്യാധികൃതന്മാൎക്കു തോന്നിയതിനാലും, അങ്ങിനെ ചെയ്യാതിരുന്നാൽ ഭാവി അനിശ്ചിതമാണെന്നു ബോധ്യപ്പെട്ടതിനാലുമാണു്, ഈ സഭയുമായി ആലോചിച്ചു യുദ്ധകാൎയ്യങ്ങൾ നടത്തുവാൻ പ്രധാനമന്ത്രി നിശ്ചയിച്ചതു് ഇവരുടെ ആലോചനയുടെ പരിപൂൎണ്ണ ഫലമാണു് യൂറോപ്പാക്രമണത്തിന്നുള്ള സന്നാഹം.

ഈ സഭയിൽ ഇന്ത്യക്കുള്ള സ്ഥാനത്തെപ്പററി അഭിപ്രായവ്യത്യാസങ്ങൾ തിരെ അസ്തമിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ. യുദ്ധാനന്തരം സ്വയംഭരണാധികാരം ഇന്ത്യക്കു കൊടുക്കുമെന്നായി ബ്രിട്ടീഷധികൃതന്മാരുടെ പ്രഖ്യാപനങ്ങളിൽനിന്നനുമാനിക്കേണ്ടിയിരിക്കുന്നു. എന്നുമാത്രമല്ല, അമേരിക്കയിലെ ഒരു പ്രധാനപത്രമായ 'ഫോർച്യൂൺ' (Fortune) പണംകൊണ്ടും, സാമഗ്രികൾകൊണ്ടും, സൈന്യശേഖരംകൊണ്ടും, ഇന്ത്യ ചെയ്തിട്ടുള്ള മഹാസേവനത്തെപ്പററി അത്യന്തം പ്രശംസിക്കുകയും, ഇന്ത്യയുടെ രാഷ്ട്രീയ സ്ഥിതി ഉയൎത്തേണ്ടതാണെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുമുണ്ടു്.

## നിത്യഗാനങ്ങൾ

(ഇംഗ്ലീഷുനോട്ടു മട്ടു്)

(പല്ലവി)

എന്തു സാഹസം—കഷ്ട—മെന്തു സാഹസം?

(അനുപല്ലവി)

ഹന്ത ശത്രു സംഘമിന്നു ചെയ്തിടും കുചേഷ്ടിതം
ഓ——ൎത്താൽ——മാ——ത്രം.
പോരുമേ, പോരുമെ, പോരുമേ—മനതാർ ചുടാൻ.
(എന്തു)

(ചരണം)

അല്പബുദ്ധികളവൎക്കില്ലഹോ സുഖം
ജാതിയില്ല, മാനമില്ല, ദൈവഭക്തിയല്പമില്ല.
സ്വാ——ൎത്ഥം——മാ——ത്രം.
പോരുമേ, പോരുമേ, പോരുമേ-കപടംപെടാൻ
(എന്തു)

(ബാൻറു മട്ടു്)

രാജാധിരാജനാം ബ്രിട്ടീഷു ശക്തി
ഭ്രാജിക്കും പുണ്യങ്ങൾ ഉള്ളോരുവ്യക്തി
സത്തുക്കൾക്കൊക്കെയു മുത്തമ ഭക്തി
വാഴ്ക, വാഴ്ക, വാഴ്ക.
സകലൎക്കുമൊരുപോലെ പരിപൂൎണ്ണ സൌഖ്യം
വിജയശ്രീയൊത്തിങ്ങു വരുവാനായ് ഭാഗ്യം,
തരുവാനായഖിലേശൻ, വരമേകി, ശ്ലാഘ്യൻ
വാഴ്ക, വാഴ്ക, വാഴ്ക.
സകലഗുണസമ്പൂൎണ്ണ, നാനന്ദശീലൻ
വിമലജനപാലന ലോലനശീലൻ,
കരുണയൊടു ബ്രിട്ടീഷു ശക്തിക്കനുകൂലൻ
ദൈവം, ചെയ്യും, ഭവ്യം.

—ശ്രീ കെ. കെ. ജി. പിള്ള

# ശ്രീ സുന്ദരേശ്വരം ക്ഷേത്രം

## ദേശീയ സമരനിരയുടെ പ്രചരണകേന്ദ്രം

(പ്രൗഢഗംഭീരങ്ങളായ പ്രസംഗങ്ങൾ—നേത്രോത്സവങ്ങളായ നൃത്തങ്ങൾ—സരസങ്ങളായ പ്രഹസനങ്ങൾ—വിജ്ഞാനപ്രദങ്ങളായ പ്രദർശനങ്ങൾ.)

കണ്ണൂർ ശ്രീ സുന്ദരേശ്വരം ക്ഷേത്രത്തിൽ കൊല്ലംതോറും നടത്തിവരാറുള്ള ഉത്സവം പൂർവ്വാധികം ഭംഗിയിൽ ഇക്കൊല്ലവും കൊണ്ടാടി. ഏപ്രിൽ 3-ാം തിയ്യതിമുതൽ 7-ാം തിയ്യതിവരെ അവിടെ വന്നുചേന്ന ജനങ്ങളുടെ സംഖ്യ ഇത്രയെന്ന് തിട്ടപ്പെടുത്തി പറയുവാൻ പ്രയാസം. അത്രയും വലിയ ഒരു ജനാവലി അവിടെ ചേന്നിരുന്നു. ദേശീയ സമരനിരാ പ്രവത്തകന്മാർ അവക്കു ലഭിച്ച ഈ സന്ദർഭത്തെ തികച്ചും ഫലപ്രദമായ രീതയിൽ വിനിയോഗിച്ചു. അഞ്ചു ഗംഭീര സമ്മേളനങ്ങളാണവിടെ ചേന്നതു. ആകർഷണീയങ്ങളായ ഇനങ്ങൾ സമ്മേളനപ്പന്തലിലേക്കു ഓരോ ദിവസവും ധാരാളമായാളുകളെ ആകർഷിച്ചു

ക്ഷേത്രത്തിൻെറ മുൻവശത്തു വിശാലമായ വയലിൽ, വെടിത്തറക്കു സമീപം, പ്രത്യേകം കെട്ടിയുണ്ടാക്കിയ പന്തലിൽവെച്ചാണ് യോഗം ചേന്നതു്. യോഗസ്ഥലത്തു ഒരു പ്രദർശനവും ഏപ്പാടു ചെയ്തിരുന്നു. ഒന്നാം ദിവസമായ ഏപ്രിൽ 3-ാം തിയ്യതി തിങ്കളാഴ്ച രാത്രി 9 മണിക്കു ശ്രീ പി. എം. ജയരാജൻ അവർകൾ, I.C.S., സബ്ബ്കലക്ടർ, പ്രദർശനം ഉൽഘാടനം ചെയ്തു. അന്നത്തെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതും അദ്ദേഹമാണ്. യോഗത്തിൽ ശ്രീമാന്മാർ പി. വി. ഗോവിന്ദസ്വാമി അയ്യർ, എം. എ., എൽ. ടി., വി. ബാലഗംഗാധര മേനോൻ, എം. എ., വി. ഗോവിന്ദൻ, ബി.എ., എൽ.ടി., എന്നിവർ പ്രസംഗിച്ചു. അദ്ധ്യക്ഷൻെറ ഇംഗ്ലീഷിലുള്ള പ്രസംഗം ശ്രീ പി. വി മുകുന്ദൻ പരിഭാഷപ്പെടുത്തി. കണ്ണൂർ ഫിസിക്കൽ കൾച്ചർ ഇൻസ്റ്റിറ്റ്യൂട്ട്കാരുടെ വകയായ ഭാരോദ്വഹന പ്രദർശനം ജനങ്ങളെ ആനന്ദഭരിതരാക്കി. ശ്രീ പി. വി. മുകുന്ദൻെറ നന്ദിപ്രകടനാനന്തരം അന്നത്തെ യോഗം മംഗളമായി പര്യവസാനിച്ചു.

ഏപ്രിൽ 4-ാം തിയ്യതിയിലത്തെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതു റിട്ടയഡ്ഡിസ്ത്രിക്ട് മുൻസീഫ് ശ്രീ റാവുസാഹിബ് ഒ. ശങ്കരൻ, ബി.എ , ബി.എൽ. അവർകളാണ്. ശ്രീമാൻ സാധു ശിവപ്രസാദ്, ജനാബ് എം. വി. ആലിക്കോയ സാഹിബ്, കണ്ണൂർ അഗ്രികൾച്ചർ ഡിമോൺസ്ട്രേറ്റർ, മിസ്സ് തോമസ്സ് ബി.എ., എൽ.ടി., എന്നിവർ യോഗത്തിൽ സംസാരിച്ചു. ശ്രീ. കെ. ആർ. കൃഷ്ണൻെറ കഥാപ്രസംഗം ജനങ്ങളെ ഉല്ലാസിപ്പിച്ചു. ശ്രീ പി. വി. മുകുന്ദൻെറ നന്ദിപ്രകടനത്തിന്നുശേഷം അന്നത്തെ യോഗവും ശുഭമായി കലാശിച്ചു.

ഏപ്രിൽ 5-ാം തിയ്യതിമുതൽ നടന്ന യോഗങ്ങൾക്കുണ്ടായിരുന്ന ഒരു പ്രത്യേകത, സമരനിരയുടെ ജില്ലാധിപതി ശ്രീ റാവു ബഹദൂർ എം. കുഞ്ഞിരാമൻ നായരവർകളുടെ മഹനീയ സാന്നിദ്ധ്യം ഒന്നു തന്നെയാണ്. അദ്ദേഹത്തിൻെറ ആജ്ഞ അനുസരിച്ചും, മേൽനോട്ടത്തിൽ കിഴിലും, അഭിനയിച്ചു പഠിച്ച രണ്ടു പ്രഹസനങ്ങളാണ് സമ്മേളനങ്ങൾക്കു ഒരു പുതിയ ജീവൻ തന്നെ നൽകിയതു്. മൂന്നാം ദിവസത്തെ യോഗത്തിൽ കണ്ണൂർ ഡിസ്ത്രിക്ട് മുൻസീഫ് ശ്രീ എം. ബാലകൃഷ്ണ മേനോൻ, എം.എ., ബി.എൽ., ആദ്ധ്യക്ഷ്യം വഹിച്ചു. ജനാബ് എം. വി. ആലിക്കോയ, മിസിസ്സ് ശിവപ്രസാദ് എന്നിവർ യോഗത്തിൽ പ്രസംഗിച്ചു. തുടർന്നുകൊണ്ടു ശ്രീ കെ. ആർ. കൃഷ്ണൻെറ കഥാപ്രസംഗവും നടന്നു. പിന്നീടാണ് 'താസിൽദാരുടെ വിഷമത" എന്ന പ്രഹസനം. മൂന്നുപേർ ഏകദേശം 15 മിനുട്ടു നേരത്തേക്കു അഭിനയിക്കുന്ന ഈ ഏകാങ്ക പ്രഹസനത്തിൽ സമരനിരയുടെ പ്രധാന ഉപദേശങ്ങൾ മുഴുവൻ ഉൾക്കൊള്ളിച്ചിരുന്നു മാത്രമല്ല, കാണികൾക്കു ആ ഉപദേശങ്ങളെ ഒരിക്കലും മറക്കവയ്യ. കാരണം, അത്രമേൽ ഫലിതമയമായ രീതിയിൽ, ഉജ്ജ്വലമായി, അവ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ശിപായിയുടെ ഭാഗം അഭിനയിച്ച ജനാബ് എം. വി. ആലിക്കോയ ജനങ്ങളുടെ പ്രത്യേകം പ്രീതിക്കു പാത്രമായിത്തീന്നിരിക്കുന്നു ശ്രീ പി. കുഞ്ഞനന്തൻ നമ്പ്യാർ നന്ദി പ്രദർശിപ്പിച്ച ശേഷം യോഗം പിരിഞ്ഞു.

ഏപ്രിൽ 6-ാം തിയ്യതിയിലത്തെയോഗത്തിൽ റിട്ടയഡ് ഡിസ്ത്രിക്ട് മുൻസിഫ് റാവുസാഹിബ് ശ്രീ സി. വി. ഗോപാലൻ അവർകൾ ആദ്ധ്യക്ഷ്യം വഹിച്ചു. ശ്രീ കെ കുഞ്ഞിരാമൻ നായർ, ബി എ., എൽഎൽ.ബി., ജനാബ് എം. വി ആലിക്കോയ സാഹിബ് എന്നിവർ യോഗത്തിൽ സംസാരിച്ചു. ശ്രീ കെ. ആർ. കൃഷ്ണൻെറ കഥാപ്രസംഗം, മിസ്സ് മീര എന്ന ചെറുബാലികയുടെ ഡാൻസ് എന്നീ വിനോദപ്രകടനങ്ങൾക്കുശേഷം, ശ്രീ പി. വി. മുകുന്ദൻെറ നന്ദിപ്രകടനത്തോടുകൂടി യോഗം അവസാനിച്ചു.

അവസാന ദിവസത്തെ യോഗത്തിൽ വടക്കെ മലബാർ സബ്ബ്ജഡ്ജി ശ്രീ എ. വി. ബാലകൃഷ്ണ മേനോൻ അവർകൾ ആദ്ധ്യക്ഷ്യം വഹിച്ചു ശ്രീ കെ. എം. കെ. നായർ, എം. എ., ബി. എൽ., ജനാബ് എം. വി. ആലിക്കോയ സാഹിബ്, ശ്രീ വിദ്വാൻ സി. സൂര്യനെഴുത്തച്ഛൻ എന്നിവർ പ്രസംഗിച്ചു. ശ്രീമതി ഭാരതി എന്ന ബാലികയുടെ നൃത്തം, "ആരെടാകോമാളി" എന്ന പ്രഹസനം എന്നീ സരസങ്ങളും ഫലിതമയങ്ങളുമായ ഇനങ്ങൾക്കു ശേഷം, ശ്രീമാൻ കുട്ടമത്തിൻെറ വക "ഹിററ്ലർവധം" എന്ന കഥകളി ശ്രുതിമധുരമായ രീതിയിൽ അദ്ദേഹം തന്നെ ചൊല്ലിക്കേൾപ്പിച്ചു. ശ്രീ പി. വി. മുകുന്ദൻെറ നന്ദിപ്രകടനത്തിന്നുശേഷം യോഗം മംഗളകരമായി അവസാനിച്ചു.

പ്രദർശനം കാണാൻ ദിവസവും വൈകുന്നേരം 5 മണി മുതൽ ആയിരക്കണക്കിൽ ആളുകൾ വന്നുംപോയുമിരുന്നിരുന്നു. ശ്രീ കങ്കൻ നായർ, പ്രോപ്പഗാണ്ടിസ്റ്റ്, കുത്തുപറമ്പ്, യുദ്ധോപകരണങ്ങളുടെ മാതൃകകൾ വിവരിച്ചു കൊടുക്കുകയും ലഘുപ്രസംഗങ്ങൾ, സന്ദർഭം കിട്ടുമ്പോൾ, നടത്തുകയും ചെയ്തു

യോഗം ചേരേണ്ട ആവശ്യത്തിലേക്ക് തൻെറ ചിലവിന്മേൽ പന്തൽ നിർമ്മിക്കുകയും, മററു പല സഹായസഹകരണങ്ങൾ നല്കുകയും, ചെയ്തു ശ്രീ കെ. സി. സി കണ്ണൻ അവർകളോടു സമരനിര പ്രത്യേകം കടപ്പെട്ടിരിക്കുന്നു. സമ്മേളനത്തിൻെറ വിജയകരമായ നടത്തിപ്പിന്നു മററു പല മാന്യരുടേയും ഉദ്യോഗസ്ഥന്മാരുടേയും സഹകരണം ലഭിച്ചിരുന്നു.

പൊതുവിൽ പറകയാണെങ്കിൽ, ശ്രീ സുന്ദരേശ്വരം ക്ഷേത്രത്തിൽ ഇക്കുറി ചേന്ന സമ്മേളനങ്ങൾ തികച്ചും വിജയപ്രദങ്ങളായിരുന്നു.

എസ്. എസ്. എസ്.

നിങ്ങളുടെ മാതൃഭൂമിയായ ഇന്ത്യയെ, സമ്പന്നയാവാൻ സഹായിക്കുക. നിങ്ങൾ ചെയ്യേണ്ടതു ചെയ്യാൻ, മററുള്ളവരെ നോക്കേണ്ടതില്ല. രാഷ്ട്രമാകമാനം സമ്പാദിക്കണം, അതു് ഇപ്പോൾതന്നെ ചെയ്കയും വേണം.

ദേശീയ സമ്പാദ്യപത്രം വാങ്ങുക.

# തച്ചോളി ചന്തു

(ഒരു പുരാതന കേരളീയ യുവാവിന്റെ ചരിത്രാംശം)

(ശ്രീ കെ. പി. രാഘവൻ, വൈത്തിരി)

രംഗം I

(താഴത്തു മഠത്തിലെ ഭവനം. അവിടത്തെ മാതുവും, അമ്മ ചീരുവും പ്രവേശിക്കുന്നു.)

മാതു : അമ്മേ! കുമ്മായച്ചൂടും കൽച്ചൂടും കൊണ്ടു് എനിക്കിവിടെ ഇരിക്കപ്പൊറുതിയില്ല. അതു കൊണ്ടു ആററാം ചിറയിലോളം പോയി ഒന്നു മുങ്ങികുളിച്ചുവരണം.

ചീരു : മോളേ! എന്തിനാണ്ു് ആററാം ചിറയിലോളം പോയികുളിക്കുന്നതു്. നീ ഇവിടത്തെ കുളത്തിൽ കുളിച്ചോളൂ.

മാതു : ഇവിടത്തെ കുളത്തിൽ കുളിച്ചാൽ ചണ്ടിയുടെ ചൂരടിക്കും.

ചീരു : എന്നാൽ കിണററിൽനിന്നു കോരികുളിച്ചോളൂ.

മാതു : കിണററിൽനിന്നു കോരിക്കുളിച്ചാൽ കൊട്ടച്ചൂരടിക്കും. അതിനാൽ ഞാൻ ആററാം ചിറയിൽ തന്നെ പോയി മുങ്ങിക്കുളിച്ചു വരാം.

ചീരു : മാററാന്മാരാരാനും നിന്നെക്കണ്ടുവെന്നാൽ വെറുതെ വിടില്ല. തച്ചോളി ഓമനക്കുഞ്ഞിച്ചന്തുവിന്റെ തലക്കു ഉന്നം വരുത്തുവാനാണോ നിന്റെ മോഹം?

മാതു : അമ്മേ: സിംഹത്തിന്റെ കുട്ടിയെ മുയലിന്നു തൊടുവാൻ സാധിക്കുമോ? അതു വെറും മോഹമാണു്.

ചീരു : നിനക്കൊത്തവണ്ണം ആയിക്കോളൂ. വരുംപോലെ വരട്ടെ. എനിക്കൊന്നും പറയാനില്ല. (പോകുന്നു.)

(തിരശ്ശീല)

രംഗം II

(ആററാം ചിറ)

[മാതുവും പതിനാറു പിണാത്തിമാരും ചിറയിൽ മുങ്ങിക്കുളികഴിഞ്ഞു; ക്ഷേത്രത്തിൽ തൊഴാൻ പോകുന്നു. അതു വഴിയായി, തുളുനാടൻ ഓമനക്കണ്ടർ മേനോനെ ഒരു പൊൻ പല്ലക്കിൽ, നാലു പോണ്ടന്മാരാൽ വഹിച്ചു കൊണ്ടുവരുന്നു.]

കണ്ടർ മേനോൻ : (മാതുവിനെക്കണ്ടിട്ടു്) എടൊ നായന്മാരെ! ആ വരുന്ന പെണ്ണേതാണു്. മാനത്തുനിന്നു പൊട്ടിവിണതോ? ഭൂമിയിൽനിന്നു പൊട്ടിവന്നതോ? കുന്നത്തുകൊന്ന പൂത്തതുപോലെയൊ വയനാടൻ മഞ്ഞൾമുറിച്ചതുപോലെയോ കുന്നത്തു പൊൻവിളക്കു കത്തുന്നതുപോലെയൊ, എന്തൊരഴകാണിതു്? ഞാനെന്താണു പറയേണ്ടതു്? ഈ പെണ്ണെവിടത്തേതാണു്? നമ്മുടെ കോട്ടക്കു ചേന്ന പെണ്ണാണു്.

നായന്മാർ : അയ്യോ കണ്ടർ മേനോൻ! ആ വാക്കു നിങ്ങൾ പറയരുതേ. തച്ചോളി ഓമനച്ചന്തുവിന്റെ പെണ്ണു മാതുവാണവൾ. അവനിതെങ്ങാൻ അറിഞ്ഞുവെന്നാൽ കഴുവിനെ കൊത്തുംപോലെ നിങ്ങളെകൊത്തും. ആയതിനാൽ, ആ വാക്കുമാത്രം പറയരുതേ!

ക. മേ : ആരായാലും വേണ്ടതില്ല. തുളുനാടൻ കോട്ടയോടു തോററവരേ ഇന്നുള്ളൂ. ആയതിനാൽ, അവളെ പിടിച്ചു പല്ലക്കിൽ കയററു.

നായന്മാർ : ഞങ്ങളും ഞങ്ങളും തൊടില്ലവളെ. ചന്തു അറിഞ്ഞാൽ ഞങ്ങളെ തറിക്കും.

ക. മേ : അവളെ തൊടാൻ നിങ്ങൾ മടിക്കുകയാണെങ്കിൽ അവളെ ഞാൻ തന്നെ തണ്ടേററും. ഏതവനായാലും തുളുനാടൻ കോട്ടയോടു തോററവനല്ലേ ഇന്നുള്ളൂ. പിന്നെയാണോ ചന്തുവിന്റെ പകിട്ടു ഫലിക്കുന്നതു്? അവളെ ഞാൻ തന്നെ പല്ലക്കിൽ കയററും. വരുന്നതുവരട്ടെ (കണ്ടർ മേനോൻ പല്ലക്കിൽ നിന്നിറങ്ങുന്നു. പൊൻ ചൂരലും എടുത്തു മാതുവിന്റെ അടുത്തു ചെല്ലുന്നു. അവളോടു) പെൺ കുലരത്നമേ! നീ ഏതൊരു ഭവനത്തെ അലങ്കരിക്കുന്ന പൊൻ വിളക്കാണു്? നിന്റെ പേരെന്തു്? നാടേതാണു്? ഏതായാലും നീ തുളുനാടൻ കോട്ടക്കു ചേന്നവളാണു്. സംശയമില്ല.

മാതു : (കോപഭാവത്തിൽ) എടാ പുല്ലുവക്കുണ്ടാ! ഞാൻ എവിടത്തെ പെണ്ണുങ്ങളുമാകട്ടെ. തനിക്കതുനോക്കേണ്ട ആവശ്യമില്ല. നെഞ്ഞത്തു ചോരയുള്ള പുരുഷന്മാക്കും, തോലു വെളുത്ത സ്ത്രീകൾക്കും, നിന്നേപ്പോലുള്ള വരുതിക്കുന്മാരെക്കൊണ്ടു നാട്ടിൽ ക്രടി നടക്കുവയ്യാതായിരിക്കുന്നുവല്ലോ. നിനക്കും ഇല്ലേ അമ്മപെങ്ങന്മാർ? എന്നെ നീ അറിഞ്ഞോ? നാട്ടിൽപ്പുളപ്പുള്ള ചന്തുക്കുറുപ്പിന്റെ ഭാര്യയാണു് ഞാൻ. കുറുപ്പിതു വല്ലതും അറിഞ്ഞാൽ, കഴുകനെ കൊത്തും പോലെ അവൻ നിന്നെ കൊത്തും.

ക. മേ : എന്തിനാണു് നീയ്യ് ഇത്രയൊക്കെ പുലമ്പുന്നതു്? തുളുനാടൻ കോട്ടയോടു തോററവരേ ഇന്നുള്ളൂ. പിന്നെയാണോ നിന്റെ ചന്തുവിന്റെ വമ്പു ഫലിക്കുന്നതു്? (മേനോൻ മാതുവിന്റെ കയ്യു പിടിച്ചു പല്ലക്കിൽ കൊണ്ടു കയററുന്നു നായന്മാരോടു) എടൊ പോണ്ടന്മാരേ! ചിമ്മിയകണ്ണു തുറക്കും മുമ്പെ തുളുനാടൻ കോട്ടയിൽ എത്തണം. ആയിരം നാഴിക വഴിയുള്ളതു അരനാഴികയാക്കിട്ടെത്തണം. (പോണ്ടന്മാർ പല്ലക്കുമെടുത്തു ഓടുന്നു.)

(അണിയറയിൽ)

എന്താണെടാ ഒരു ലോലി മുളിച്ചു കേൾക്കുന്നതു്? മാററാന്മാരാരെങ്കിലും നമ്മോടെതിക്കുവാൻ വരുന്നവരായിരിക്കുമോ? അല്ലല്ല. അതു തുളുനാടൻ ഓമനക്കണ്ടർ മേനോന്റെ വരവാണു്. പല്ലക്കിൽ ഒരു സ്ത്രീയേയും കാണുന്നുണ്ടു്. ഹാഹോ! അതു താഴത്തു മഠത്തിലെ മാതുവാണു്. നാട്ടിൽക്കുറുമ്പുള്ള കുറുപ്പിന്റെ ഭാര്യ ഏതായാലും തുളുനാടൻ കോട്ടയുടെ കേൾവിക്കും ഉടവുതട്ടി. തച്ചോളി ഓമനച്ചന്തുക്കുറുപ്പു തുളുനാടൻ കോട്ട തകക്കും.

(തിരശ്ശീല)



(ന്യൂഡെൽഹിയിലെ) സർവ്വ സൈന്യാധിപന്റെ വസതിയിൽ സ്ഥലത്തെ സ്കൂളിലെയും കാളേജിലെയും വിദ്യാർത്ഥികൾ യുദ്ധപ്രദർശനം കാണുന്നതു്.

## രംഗം III

(താഴത്തു മഠത്തിൽ ഭവനം.)

[തോഴിമാർ പതിനാറാളും നിലവിളിച്ചുംകൊണ്ടുവരുന്നു ]

ചീരു : അയ്യോ നിങ്ങളെല്ലാവരും എന്താണിങ്ങനെ നിലവിളക്കുന്നതു ? മാതുക്കുട്ടി എവിടെ? അവൾക്കെന്താപത്താണ് പററിയതു്?

തോഴിമാർ : അമ്മേ ! മാതുവിനെ തുളുനാടൻ കണ്ടർമേനോൻ പിടിച്ചപിടിയാലെ കൊണ്ടുപോയിരിക്കുന്നു.

(ചീരുഅമ്മ ബോധംകെട്ടുവീഴുന്നു. തോഴിമാർ പരിചരിക്കുന്നു).

(തിരശ്ശീല)

## രംഗം IV

(പച്ചോർ കളരി)

[ചന്തുക്കുറുപ്പ് കുട്ടികളെ പയററു പഠിപ്പിക്കുന്നു. ചീരു അമ്മ കരഞ്ഞുംകൊണ്ടുവരുന്നു.]

ശിഷ്യർ : എന്തെ കുറുപ്പെ ! താഴത്തുമഠത്തിലെ ചീരു അമ്മയല്ലെ വരുന്നതു് ? അവരുടെ വരവു ഏതോ ഒരാപത്തിനെക്കുറിക്കുന്നുണ്ടല്ലൊ അത്ര ധൃതിയിലാണ് അവരുടെ വരവ്.


ചന്തു : (ചീരു അമ്മയുടെ അടുത്തു ചെല്ലുന്നു) എന്താണ് നിങ്ങൾ ഇത്ര പരവശയായി ഇങ്ങോട്ടുവരുന്നതു് ? മാതുവിന്നു വല്ല ആപത്തും. പിണഞ്ഞൊ ?

ചീരു : (ഗദ്ഗദസ്വരത്തിൽ) മാതുക്കുട്ടി ഇന്ന് കമ്മായച്ചൂട്ടും കൽച്ചൂട്ടും സഹിക്കവയ്യാതെ ആററാം ചിറയിൽ കുളിക്കാൻ പോയിരുന്നു. പോകുമ്പോൾ പല തടസ്ഥങ്ങളും ഞാൻ പറഞ്ഞുനോക്കി. അതൊന്നും വിലയാക്കാതെ അവൾ പോയി, കുളി കഴിഞ്ഞു അമ്പലത്തിൽ തൊഴാൻ പോയപ്പോൾ, തുളുനാടൻ കണ്ടർമേനോൻ ആ വഴിവരികയും, മാതുവിനെ പിടിച്ചപിടിയാലെ കൊണ്ടുപോകയും ചെയ്തു. (ചന്തു മോഹാലസ്യപ്പെടുന്നു. ശിഷ്യർ ശീതോപചാരം ചെയ്യുന്നു. ചന്തുവിന്നു ബോധമുണ്ടാവുന്നു.)

ചന്തു : (ആത്മഗതം) ഹാ ! എന്റെ പെങ്ങൾ പറഞ്ഞതു് എനിക്കു ഫലിച്ചുവല്ലൊ. താഴത്തുമഠത്തിലെ ബന്ധം വേണ്ടെന്നും, അവിടത്തെ പെണ്ണുങ്ങൾ ആണുങ്ങളെ കൊല്ലിക്കാറു പതിവുണ്ടെന്നും പറഞ്ഞതു് എനിക്കു ഫലിച്ചുവല്ലൊ. തുളുനാടൻ കോട്ടയോടു ജയിച്ചവർ ആരുമില്ല. അമ്മാമൻപോലും ആ കോട്ടയോടു തോററുമാറുകയാണ് ചെയ്തതു്. ഏതായാലും പോവുകതന്നെ. ശിഷ്യരെ ! പേടിച്ചു കളരിയിൽ ഇരിക്കുന്നതിനേക്കാൾ ശത്രുവുമായി പടവെട്ടി മരിക്കുന്നതാണ് നന്നു്. അങ്ങിനെ മരിച്ചാൽ വീരസ്വർഗ്ഗപ്രാപ്തിയുണ്ടാകും. അതാണ് ഒരു പടയാളിയുടെ ധർമ്മം. അതിനാൽ ഇന്നും നാളെയും കളരി നടത്തുന്നില്ല. നിങ്ങൾ മററന്നാൾ വന്നാൽ മതി. വിധിയുണ്ടെങ്കിൽ കാണാം.

ശിഷ്യർ : (കരഞ്ഞുകൊണ്ടു ) അയ്യോ കുറുപ്പെ ! ആ വാക്കുകൾ നിങ്ങൾ പറയരുതേ. പെണ്ണെന്നു ചൊല്ലി മരിക്കുവാനിടയാകരുതേ. തുളുനാടൻ കോട്ട ജയിക്കാനാഗ്രഹിച്ചവരാരും തിരിച്ചുവന്നിട്ടില്ല. കള്ളത്തരം പലതുമുള്ള കോട്ടയാണതു്. അമ്പുചുട്ടെയ്യുന്ന അമ്പാടികളും, ഓടു ചുട്ടെയ്യുന്നവരും, എന്നല്ല, പന്തീരായിരം പടവീരന്മാരുള്ള കോട്ടയാണ് തുളുനാടൻ കോട്ട.

ചന്തു : പോവാൻ ഞാൻ ഏതായാലും ഉറച്ചു. വിധിപോലെ വരട്ടെ.



യുദ്ധപ്രദർശനത്തിൽ മറെറാരു സംഘം വിദ്യാർത്ഥിനികൾ.

ശിഷ്യർ : ദൈവം നിങ്ങൾക്കു സകല വിജയങ്ങളും കൈവരുത്തട്ടെ.

(ചന്തു നമ്രമുഖനായി കളരിയിൽ നിന്നിറങ്ങി പോകുന്നു.)

(തിരശ്ശീല)

## രംഗം V

(തച്ചോളിമേപ്പ)

[ചന്തുവിന്റെ പെങ്ങൾ കുഞ്ഞിച്ചീരു കോലായിൽ ഇരിക്കുന്നു. നമ്രവദനനായ ചന്തു പ്രവേശിക്കുന്നു.]

ചീരു : എന്താ, കുഞ്ഞിച്ചന്തുവിന്റെ മുഖം മഴക്കാറിൽപെട്ട ചന്ദ്രനെപ്പോലെ പ്രഭയില്ലാതെ മങ്ങിയിരിക്കുന്നതു് ? മാററാന്മാരാരെങ്കിലുമായി പടകുറിച്ചുവോ ? അതല്ല, ചന്തുവെ വല്ല പെണ്ണുങ്ങളും ചതിച്ചുവൊ ?

ചന്തു : പ്രിയസോദരീ, പറഞ്ഞിട്ടൊന്നും ഫലമില്ല. ആപത്തു വരുമ്പോഴൊക്കെ ഒന്നിച്ചല്ലെ ; താഴത്തു മഠത്തിലെ മാതുവിനെ ആററാംചിറക്കൽവെച്ചു, തുളുനാടൻ കണ്ടർമേനോൻ പിടിച്ചപിടിയാലെ കൊണ്ടുപോയിരിക്കുന്നു.

ചീരു : ഹാവൂ, വിധി, അന്നേ ഞാൻ പറഞ്ഞില്ലെ അവിടത്തെ ബന്ധം വേണ്ടെന്ന് ? അവിടത്തെ പെണ്ണുങ്ങൾ ആണുങ്ങളെ കൊല്ലിക്കലാണ് പതിവെന്ന് അമ്മായി എന്നോടു പലതവണ പറഞ്ഞിട്ടുണ്ടു്. പെണ്ണെന്നും ചൊല്ലി മരിക്കാനുള്ള വിധിയാണൊ നിനക്കു ദൈവം വിധിച്ചതു്.

ചന്തു : എന്തുചെയ്യാം? വിധിപോലെവരും. പടയിൽ പൊരുതി മരിക്കുന്നവന്നു മാത്രമെ മോക്ഷമുള്ളു. എന്തായാലും ഞാനൊന്നു പോയി വരട്ടെ.

ചീരു : അയ്യൊ ! നീ അതുമാത്രം പറയരുതേ. തുളുനാടൻ കോട്ടയോടു തോററവരേ ഉള്ളു. പിന്നെ അമ്മാമനും ഇവിടെയല്ല. അതിനാൽ ഒരുകാലത്തും നീ കോട്ടയിലേക്കു പോവരുതേ. (ഉടനെ ചന്തു ഒരക്ഷരം മിണ്ടാതെ, കളരി അകത്തു കടന്നു, അവന്റെ ആയുധങ്ങളും വസ്ത്രങ്ങളും എടുത്തു ഒരു കെട്ടാക്കി, കഞ്ചാവിൻ കുടുക്കയും, കാശിമുരുടയുമായി പുറത്തു വരുന്നു.) അല്ല, നീ പോകുവാനുറച്ചുവൊ ?

ചന്തു : ഞാൻ പോകുവാനുറച്ചു. ജനിച്ചാൽ ഒരിക്കൽ മരിക്കും. വിധിയുണ്ടെങ്കിൽ ഇനി വന്നാൽ കാണാം .

ചീരു : (കണ്ണിൽ വെള്ളം നിറച്ചുകൊണ്ടു) പാൽക്കഞ്ഞി വെച്ചു തണുപ്പിച്ചു വെച്ചിട്ടുണ്ടു്. അതു കുടിച്ചിട്ടു പൊയ്ക്കോളു ചന്തു.

ചന്തു : ഇപ്പോൾ എനിക്കതിന്നു ഇടയില്ല. വിധിയുണ്ടെങ്കിൽ വന്നിട്ടു കുടിക്കാം. നീ വ്യസനിക്കരുതേ. കുലപരമ്പര ദൈവങ്ങളും നമ്മുടെ ഗുരുകാരണവന്മാരും, സഹായമുണ്ടെങ്കിൽ, ഞാൻ കോട്ടപിടിച്ചേ മടങ്ങുകയുള്ളു. (കുലദൈവങ്ങളേയും ഗുരുകാരണവന്മാരെയും വന്ദിച്ചു പോകുന്നു. ചീരു ചന്തു പോകുന്നതും നോക്കിനില്ക്കുന്നു.

(തിരശ്ശീല)

(തുടരും)

# 1892-ലെ ഇന്ത്യൻ സൈന്യം

ഡിണ്ടിഗൽ സ്വദേശിയും, കുറച്ചു മുമ്പു അറുപത്തഞ്ചാം ജന്മനക്ഷത്രം ആഘോഷിച്ച ദേഹവുമായ മൈക്കേൽ ജോൺ, ഒരു അഭിമുഖ സംഭാഷകനുമായി ഇന്നത്തെ സൈനിക ജീവിതത്തെ 1892-ലെ സൈനിക ജീവിതത്തോടു താരതമ്യപ്പെടുത്തി സംസാരിക്കയുണ്ടായി.

ജോൺ, 86-ാം കർണ്ണാടകപ്പട്ടാളത്തിൽ, 1892 ൽ സെക്കണ്ടറബാദിൽ വെച്ചു, ഒരു ബാൻറുകാരനായി ചേർന്നു. തനിക്കു മാസം ഏഴുറുപ്പിക ശമ്പളം കിട്ടിയിരുന്നു.

പതിനഞ്ചു കൊല്ലം കഴിഞ്ഞു, ഒരു ലാൻസുനായിക്കായും, പിന്നീടു നായിക്കായും, അയാൾക്കു കയററം കിട്ടി. ഇരുപത്തൊന്നു കൊല്ലത്തെ സേവനത്തിനുശേഷം 1912 ൽ അയാൾ പെൻഷൻപററി പിരിഞ്ഞു. റംഗൂൺ, ബൽജിയം, കൊളമ്പ്, തൃശ്ശിനാപ്പള്ളി, സെൻറുതോമസ് മൌണ്ടു മുതലായ സ്ഥലങ്ങളിൽ അയാൾ സേവനമനുഷ്ഠിച്ചിട്ടുണ്ടു്.

പട്ടാളത്തിൽ 1897 ലുണ്ടായ ചരിത്ര പ്രസിദ്ധമായ പ്ലേഗുബാധയെ ഒഴിക്കുവാനായി, അതിൻെറ സേനാധിപനായ ക്യാപ്ററൻ കെ. എം. ഫാസ് രാപ്പകൽ ചെയ്ത പരിശ്രമത്തിൻെറ ഒരു സജീവ ചിത്രം ജോൺ തന്നിട്ടുണ്ടു്.

ഇന്നത്തെ പട്ടാളക്കാരുടെ ജീവിത രീതി ആശ്ചര്യകരമായിരിക്കുന്നു എന്നു അയാൾ പറയുന്നു. ഇന്നു "സുഖസൌകര്യാദികൾ" എന്നു പറയപ്പെടുന്നതു്, അന്നു കേട്ടറിവുപോലും ഇല്ലായിരുന്നു, ആഹാരം ഇന്നത്തേക്കാൾ തുലോം മോശവും, ശമ്പളം വളരെ കുറവുമായിരുന്നു.

വിശാഖപട്ടണത്തിന്നടുത്തുള്ള മട്ടിപാളം (Maddipalem) ഗ്രാമത്തിലെ 3,000 ജനങ്ങളിൽ അഞ്ഞൂറു ആളുകൾ യുദ്ധസേവനം നടത്തുന്നു. മിക്കവാറും എല്ലാ വീടുകളിൽനിന്നും ആളുകൾ പോയിട്ടുണ്ടു്; പ്രതിമാസം 3,000 ഉറുപ്പികക്കുള്ള മണിഓർഡറുകൾ ആ ഗ്രാമത്തിൽ വരുന്നുമുണ്ടു്.

കുറച്ചു മുമ്പു ബഹു. വൈസരോയി സന്ദർശിച്ചതായ ഈ ഗ്രാമത്തിന്നു്, പ്രശസ്തമായ ഒരു യുദ്ധപാരമ്പര്യമുണ്ടു്. കഴിഞ്ഞ മഹായുദ്ധത്തിൽ ഈ ഗ്രാമത്തിൽനിന്നു് അൻപത്തിമൂന്നു പേർ സേവനമനുഷ്ഠിച്ചതിൽ മൂന്നു പേർക്കു വൈസരോയിയുടെ കമ്മീഷൻ ലഭിച്ചിരുന്നു.

ഇന്നു് മിക്കവരും ക്യൂ. വി. ഓ. മദ്രാസ് സാപ്പേർസ് ആൻഡ് മൈനേർസ ലാണു് (Q. V. O. Madras Sappers and Miners) പ്രവൃത്തിയെടുക്കുന്നതു്. അവരിൽ പതിനഞ്ചു പേർക്കു വൈസരോയിയുടെ കമ്മീഷൻ ലഭിച്ചിട്ടുണ്ടു്.

ഈ ഗ്രാമത്തിലെ ഏററവും പ്രായം കൂടിയ പട്ടാളക്കാരൻ അപ്പലസ്വാമി (Appalaswami) യായിരിക്കും. അയാൾക്കു ഏകദേശം തൊണ്ണൂറു വയസ്സു പ്രായം കാണും. അയാൾ 9-ാം മദിരാശിപ്പട്ടാളത്തിൽ ചേർന്നിരുന്നു. 1897-ൽ പെൻഷൻപററി പിരിഞ്ഞു.

# കൃഷ്ണസഞ്ജയ സങ്കല്പ സംവാദം

(സി. എ. എം.)

സഞ്ജയൻ : മഹാഭാരതയുദ്ധത്തെ സംബന്ധിച്ചു എനിക്കുണ്ടായ സംശയങ്ങൾ ചിലതു് അങ്ങു മുമ്പൊരിക്കൽ തീർത്തുതരികയുണ്ടായി. ഇനിയും ചിലതുകൂടെ ചോദിക്കാനുണ്ടു്.

കൃഷ്ണൻ : ചോദിച്ചുകൊൾക. എൻെറ പെരുമാററം പലരും തെററിദ്ധരിച്ചിട്ടുണ്ടു്. ധർമ്മം നിലനില്ക്കണമെന്നല്ലാതെ എനിക്കു യാതൊരുദ്ദേശവുമില്ല. ഉററവരെക്കൂടി എനിക്കു ചിലപ്പോൾ ബലികഴിക്കേണ്ടതായി വന്നിട്ടുണ്ടു്.

സ : അങ്ങിനെയുള്ള ഒരു സംഭവത്തെപ്പററിത്തന്നെയാണു് എനിക്കു ചോദിക്കാനുള്ളതു്.

കൃ : എന്താതു് ? അഭിമന്യുവിൻെറ അകാലമരണത്തെപ്പററിയായിരിക്കാം.

സ : അതേ. അതിനെപ്പററിയാണല്ലൊ "കൊല്ലിക്കയത്രെ നിനക്കു രസമെടൊ." എന്നു റാണി ഗാന്ധാരിയുടെ നിരൂപണവുമുണ്ടായതു്.

കൃ : സ്വാർത്ഥികൾക്കു അങ്ങിനെതോന്നും. ആ ചെറുബാലൻ, എൻെറ മരുമകൻ, അതിപരാക്രമിയായിട്ടാണു് പുറപ്പെട്ടതു്. ചെറുപ്പത്തിന്നടുത്തതായിരുന്നില്ല ആ കുമാരൻെറ ഓജസ്സും വീര്യവും. അങ്ങിനത്തവർ അല്പായുസ്സുകളാവുന്നതു സാധാരണമാണു്. ഏഴെട്ടു മഹാപരാക്രമികളെതിർത്തിട്ടും ആ കുട്ടിക്കു കൂസലുണ്ടായില്ല. ജനനാലുണ്ടാകുന്ന വൈഭവത്തിന്നു പുറമെ, അഭ്യാസമെന്നും പരിചയമെന്നും, ചില എണ്ണങ്ങൾ കൂടി വേണ്ടതുണ്ടെന്നു ആ ഉണ്ണി മറന്നു. നാല്പതിൻെറ കൈത്തണ്ടു, ഇളം തണ്ടുകൾ എത്രതന്നെ കയറിയടിച്ചാലും വകവെയ്ക്കില്ല. ഈ വക പരമാർത്ഥങ്ങൾ അതികർക്കശമായ വിധത്തിൽ എൻെറ ഓമനയുടെ കാര്യത്തിൽ പ്രത്യക്ഷപ്പെട്ടു. അങ്ങിനെയുള്ള ഉജ്ജ്വലതാരങ്ങൾ മററുള്ളവരുടെ അസൂയ ആകർഷിക്കാതിരിക്കയില്ല. ആ സിംഹക്കുട്ടിയെ പുറത്തു ചാടിക്കാനായിരുന്നു അർജ്ജുനാദികൾ ഇല്ലാത്ത തക്കംനോക്കി, കർണ്ണൻ മുതലായവർ അവിടെ ചാടിവീണതു്. പിന്നെ കുറെക്കൂടി നമ്മുടെ ആലോചനാശക്തിയെ പരത്തി നോക്കൂ. മഹാഭാരതയുദ്ധത്തിന്നു ശേഷം വന്നുചേർന്ന ശൂന്യതയിലേക്കു അഭിമന്യുവിനെപ്പോലെയുള്ള അതിപരാക്രമികൾ ആവശ്യമുണ്ടോ ? അതുകൊണ്ടു, മാനത്തോടെ പടവെട്ടി വീരസ്വർഗ്ഗം പ്രാപിച്ചതു എല്ലാവർക്കും അഭിമാനത്തിന്നു വഴിയുണ്ടാക്കി. മരിച്ചുവരുന്നതിനേക്കാൾ അതല്ലെ മേന്മ ? ഈ വഴിക്കാലോചിച്ചാൽ ഇരാവാൻ, ഘടോൽക്കചൻ ഇവരുടെയെല്ലാം അകാലമരണത്തിനു കാരണം കണ്ടുപിടിക്കാം.

സ : എൻെറ ആ സംശയം തീർന്നു.

കൃ : ഇനിയും ചില സംശയങ്ങളുണ്ടെന്നു തോന്നുന്നു.

സ : ഉവ്വ്. രാത്രി ഭീഷ്മരുടെ കൈനിലയിലേക്കു് ധർമ്മപുത്രരെ അയച്ചു ക്ഷമായാചനം ചെയ്യിച്ചു, ആ മഹാൻെറ മർമ്മം മനസ്സിലാക്കിപ്പിച്ചതിൽ ചില അസ്വാരസ്യങ്ങൾ എൻെറ എളിയ ബുദ്ധിയിൽ തോന്നുന്നു. വീരന്മാരുടെ ഉരകല്ലാണു് രണാങ്കണം. ശത്രുപക്ഷ നേതാവിനെ ആശ്രയിക്കുക എന്ന കൃത്യം യാതൊരു വീരനും സമ്മതമാകുന്നതല്ല. അതിലും ഭേദം യുദ്ധം മതിയാക്കി സമാധാനത്തിന്നപേക്ഷിക്കുന്നതല്ലെ. പിന്നെ തൻെറ ശത്രുവിന്നു മർമ്മം പറഞ്ഞുകൊടുത്തു മരിക്കാനൊരുങ്ങുന്ന മാനവൻെറ മനോഭാവം ഒരു വീരനു ചേർന്നതൊ, അയാൾ ചേർന്ന പക്ഷത്തിന്നു അനുകൂലമൊ അല്ല. അതുകൊണ്ടു് അങ്ങയുടെ ഈ ഉപദേശത്തിൽ ധർമ്മപുത്രർക്കു മാനഭംഗം, ഭീഷ്മർക്കു വിശ്വാസവഞ്ചന എന്നീ അപരാധങ്ങൾ വരുത്തിവെച്ചു.

കൃ : ഞാൻ ഇതിന്നു മുൻപു പറഞ്ഞ ഒരു സംഗതി ഓർമ്മവെക്കണം. ധർമ്മം നിലനില്ക്കണം. മനുഷ്യപ്രയത്നത്തിന്നു പുറമെ ദൈവശക്തിയെന്നൊന്നു ഉണ്ടെന്നുള്ളതു എല്ലാവർക്കും ബോധ്യമാവണം. മഹാഭാരതയുദ്ധം തന്നെ അതിലേക്കു ഒരു ഉത്തമദൃഷ്ടാന്തമാണു്. സംഘബലം, ബാഹുബലം, അഭ്യാസബലം, മഹാരഥന്മാരുടെ ആനുകൂല്യം ഇതെല്ലാം, ദുര്യോധനൻെറ ഭാഗത്തായിട്ടും വിജയം മറുഭാഗത്തായി. എന്നാൽ, ആ മറുഭാഗത്താകട്ടെ, കൊട്ടാനും പാടാനുമായി ഒരു ഭീമസേനനും ഒരർജ്ജുനനുമുണ്ടു്.

സ : ഈ ലോകം മുഴുവൻ അധീനത്തിലുള്ള അങ്ങുമില്ലെ ?

കൃ : അതു തന്നെയാണു്, മനുഷ്യപ്രയത്നം കൊണ്ടു മാത്രം ഒന്നും നടക്കുകയില്ലെന്നു ഞാൻ പറഞ്ഞതു്. ഈശ്വരാധീനമാണു് അത്യാവശ്യം. അതുകൊണ്ടു ഈശ്വരാനുഗ്രഹംകൊണ്ടു പാണ്ഡവർ ജയിച്ചു. അതില്ലാത്തതുകൊണ്ടു, മററു പലതും തികഞ്ഞിരുന്നിട്ടും നൂററുവരു ജയിച്ചില്ല. പിന്നെ, ധർമ്മപുത്രർക്കു ഒരു മോഷമുണ്ടായിരുന്നു. അതായതു, പ്രബലന്മാരായ രണ്ടനുജന്മാരുള്ളതുകൊണ്ടു് എന്തും സാധിക്കുമെന്നൊരു ഭാവം. ആ മോഷം തീർന്നാലേ ആ ശുദ്ധാത്മാവു് പരിപൂർണ്ണനാകയുള്ളൂ. അതുപോലെത്തന്നെ, മഹാനായ ഭീഷ്മർ, തനിക്കു തടുക്കാമായിരുന്ന ചില അകൃത്യങ്ങൾ കണ്ടിരിക്കുകയുണ്ടായി. ലൌകിക ജീവിതത്തിൽ അത്തരത്തിലുള്ള ഒരു ഔദാസീന്യം മഹാന്മാർക്കു ചേർന്നതല്ലെന്നു, അദ്ദേഹത്തിന്നും ഒരു പാഠം പഠിക്കേണ്ടതായി വന്നു. അതുകൊണ്ടാണു് ആ മഹാത്മാവു ധർമ്മസങ്കടത്തിലായതു്. ആ ധർമ്മസങ്കടം വിശ്വാസവഞ്ചനയായി ലോകം വ്യാഖ്യാനിച്ചു. ഇതാണു് പരമാർത്ഥം.

സ : അങ്ങേക്കു വീണ്ടും കൂപ്പുകൈ.

# ഒരു വീരബാലൻ

[ഡാക്ടർ ചേലനാട്ടു് അച്യുതമേനോൻ, പിഎച്ച്. ഡി. (ലണ്ടൻ)]

(തുടർച്ച)

## രംഗം IV

സാമൂതിരിപ്പാടിന്റെ കോവിലകം

(ആസ്ഥാനമണ്ഡപം)

(മങ്ങാട്ടച്ചൻ, തേനഞ്ചേരി ഇളയതു്, തലച്ചെന്നോർ മുതലായ മന്ത്രിമാർ ഇരിക്കുന്നു. കുറച്ചുകഴിഞ്ഞു സാമൂതിരിപ്പാടും എഴുന്നള്ളി ആസ്ഥാനപീഠത്തിൽ ഇരുന്നരുളുന്നു.)

സാമൂതിരി : ഇന്നത്തെ ആലോചനക്കു് പ്രധാന വിഷയങ്ങളെന്തെല്ലാമാണു്? വള്ളുവക്കോനാതിരിയുടെ ഒരുക്കങ്ങൾ എങ്ങിനെയിരിക്കുന്നുവെന്നു് ചാരന്മാരുടെ കുറിപ്പു് കിട്ടിയോ, അവരുടെ വിവരമെന്താണു്?

മങ്ങാട്ടച്ചൻ : അവരുടെ കുറിപ്പൊന്നും കിട്ടിയിട്ടില്ലെന്നുമാത്രമല്ല, അവക്കു അപായം നേരിട്ടിരിക്കുമോ എന്നു് സംശയിക്കേണ്ടതായും ഇരിക്കുന്നു. ചാരപ്രമാണി ഇതിൽ ജാഗ്രതയായി പ്രവൎത്തിക്കുന്നുണ്ടു്

സാ : അതു് വലിയ അത്ഭുതമായിരിക്കുന്നുവല്ലോ. നമ്മുടെ ചാരന്മാരാരും പറഞ്ഞതുപോലെ ഇതുവരെ എത്താതിരുന്നിട്ടില്ല.

മ. അ. : ചെറിയ പണിക്കർ ഇന്നലെ ഇവിടെ എത്തുമെന്നായിരുന്നു ഏററിരുന്നതു്. അയാളുടെ സഖിയെ അവിടെ നിൎത്തി, വേണ്ടുന്ന ഏൎപ്പാടുകളെല്ലാം ചെയ്തു വരാമെന്നായിരുന്നു നിശ്ചയം. സഖക്കു അവിടെ ഒരു സംബന്ധംകൂടി ഏൎപ്പാടു ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ, നമ്മുടെ ഒരാൾ അവിടെ സ്ഥിരമായി അന്വേഷണത്തിന്നുണ്ടാവുമല്ലോ.

സാ : മങ്ങാടന്റെ നിശ്ചയങ്ങളെല്ലാം അടിയുറച്ചിട്ടായിരിക്കുമെന്നെനിക്കറിയാം. പക്ഷെ, ഈ കാൎയ്യത്തിലെന്തെ അടവു തെററിയതു്?

മ. അ. : വള്ളുവക്കോനാതിരിയുടെ ഇത്തവണത്തെ ഒരുക്കങ്ങളെല്ലാം കുറേ ശ്രദ്ധമായിട്ടാണു് കാണുന്നതു്. പതിവിലധികം ജാഗ്രത നമുക്കും വേണമെന്നാണു് തോന്നുന്നതു്.

സാ. : നമുക്കും അങ്ങിനെ തന്നെയാണു് തോന്നുന്നതു്. അതുകൊണ്ടു് അനുചരന്മാരെ തിരഞ്ഞെടുക്കുന്നതും വളരെ ആലോചിച്ചിട്ടു വേണം. ഒന്നാംകിടക്കാർ മാത്രം മതി. അവരുതന്നെയുണ്ടല്ലോ മുപ്പതിനായിരത്തിലധികം. വള്ളുവക്കോനാതിരിയല്ലാതെ മററാരും നമുക്കു വിരോധമായി നിൽക്കുമെന്നു തോന്നുന്നില്ല.

മ. അ. : അവിടുന്നരുളിചെയ്തതു് ശരിയാണു്. പക്ഷെ, അതൊരു പഴയ "സ്വരൂപ" മാണു്. ഇതുവരെ എടുത്തു പ്രയോഗിക്കാത്ത അടവുകൾ ഇനിയുമവിടെ ചിലതുണ്ടായേക്കാം. പിന്നെ, ഇപ്പോഴത്തെ മൂപ്പീന്നു വംശാഭിമാനം കലശലായിട്ടു പുലൎത്തിക്കൊണ്ടുവരണമെന്നു് മോഹമുള്ള ആളുമാണു്.

ഒരു തവണക്കാരൻ : (പ്രവേശിച്ചു്, താണുതൊഴുതു്) വള്ളുവനാട്ടിലെ വൎത്തമാനം തൃപ്തികരമല്ലെന്നാണു് അറിയുന്നതു്. ചെറിയ പണിക്കരെ വിലങ്ങിലിട്ടു എന്നാണു് കേൾക്കുന്നതു്. സഖിയുടെ വൎത്തമാനം അറിഞ്ഞതുമില്ല. (മങ്ങാട്ടച്ചനും മററും അത്ഭുതപ്പെട്ടു അന്യോന്യം നോക്കുന്നു.)

സാ : (കുറച്ചു പരുഷസ്വരത്തിൽ) കാൎയ്യങ്ങളുടെ ഗതി ഇത്തരത്തിലായോ? ഞാൻ നിങ്ങളെയെല്ലാം വിശ്വസിച്ചതിന്റെ ഫലം ഇതാണോ? എത്ര മാമാങ്കത്തിന്നു ആധിപത്യം ഈ സ്വരൂപത്തിൽനിന്നു വഹിച്ചിട്ടുണ്ടു്. ഇതുവരെ വള്ളുവക്കോനാതിരി നമ്മുടെ ഒരു ചാരനെ പിടിക്കുകയോ തടവിലിടുകയോ ഉണ്ടായിട്ടില്ല. ആയുധത്തിലും ആലോചനയിലും അഗ്രഗണ്യന്മാരായ മങ്ങാടൻ മുതലായവർ നമ്മുടെ സേവനത്തിലിരിക്കുമ്പോഴും, ഇങ്ങിനെയൊരവമാനം നമുക്കു വരുമെന്നു കരുതിയിരുന്നില്ല. (സ്വരം കുറച്ചുംകൂടി ഉയൎത്തീട്ടു) എന്താ മങ്ങാടൻ ആലോചിക്കുന്നതു്? ചാരപ്രമാണി തന്നെ പോയിട്ടുടനെ പരമാൎത്ഥമറിഞ്ഞുവരട്ടെ. ഈ രണ്ടു സ്വരൂപവും ഒന്നിച്ചു നിലനില്ക്കാൻ സാധിച്ചില്ലെന്നു വന്നാൽ, ഒന്നു നാമാവശേഷമാവുക തന്നെ വേണം. എന്നാൽ പിന്നെ ചാവേറും കഴവേറും ഒന്നുമുണ്ടാകുകയില്ലല്ലോ. മാമാങ്കത്തിന്നു മുമ്പായി വള്ളുവക്കോനാതിരിയോടു യുദ്ധം തന്നെ ചെയ്താലെന്താ? അവിടെ എല്ലാം തകൎത്തതിന്നു ശേഷം മാമാങ്കത്തിന്നു പുറപ്പെടുന്നതായാൽ പിന്നെ സൈരക്കേടുകൾ ഒന്നും ഉണ്ടാവുകയുമില്ല.


മ : അ : അങ്ങിനെ ഒരു പതിവു ഇതിന്നു മുമ്പില്ല. മാമാങ്കം നടത്താൻ ധൈൎയ്യമില്ലാത്തതുകൊണ്ടായിരിക്കാം ഈ യുദ്ധത്തിന്നു കോപ്പുകൂട്ടിയതെന്നുകൂടി ചിലർ അപവാദം പരത്തിയേക്കാം. ഒരുക്കങ്ങളൊക്കെ മാമാങ്കത്തിന്നു മതിയെന്നാണു് അടിയന്റെ പക്ഷം. അവിടെയുള്ള ബലാബല പരീക്ഷക്കു മലയാളരാജാക്കന്മാരെല്ലാവരും ദൃക്സാക്ഷികളാവുന്നതാണല്ലോ. ആ സദസ്സിൽവെച്ചുള്ള വിജയത്തിന്നാണു് സൎവ്വോപരി മാന്യതകല്പിക്കേണ്ടതു്. ഇത്തവണത്തെ മാമാങ്കത്തിന്നു ഒരു സംഗതികൂടി വിളംബരം ചെയ്താൽ കൊള്ളാമെന്നുണ്ടു്. വള്ളുവക്കോനാതിരിയുടെ ചാവേർ എതിൎത്തു വരുമ്പോൾ ആ ചരിത്രം ആ സദസ്സിനെ അറിയിപ്പിച്ചു, മേലാൽ ഇങ്ങിനെയുള്ള അനിഷ്ടസംഭവങ്ങൾക്കിടയാകാതിരിക്കാൻ, മാമാങ്കം കഴിഞ്ഞാലുടൻ വള്ളുവക്കോനാതിരിയോടു, യുദ്ധത്തിന്നു പുറപ്പെടുന്നതാണെന്നു്, അവിടത്തെ അരുളപ്പാടുണ്ടാകണം.

തലച്ചെന്നോർ : പ്രധാനമന്ത്രിയുടെ അഭിപ്രായത്തോടുകൂടി ഈയുള്ളവനും യോജിക്കുന്നു. വള്ളുവക്കോനാതിരിയുടെ കാൎയ്യം, രണ്ടാലൊന്നു, ഈ മാമാങ്കത്തിൽവെച്ചു തീൎച്ചപ്പെടുത്തുക തന്നെ വേണം. ഓരോ തവണയും ആറു ചാവേർ പുറപ്പെട്ടതുകൊണ്ടു്, അങ്ങിനെ ഒരു സംഭവം മാമാങ്കത്തിന്റെ ഒരു ചടങ്ങായിത്തീൎന്നിട്ടുണ്ടെന്നല്ലാതെ, അതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. വള്ളുവക്കോനാതിരിക്കു അതുകൊണ്ടു ഒരു നേട്ടവുമില്ല. നമ്മുടെ സ്വരൂപത്തിലേക്കു അതുകൊണ്ടൊരു കോട്ടവുമില്ല. ഇതൊരു തൊഴിലായി സ്വീകരിച്ചവൎക്കു അങ്ങിനെ മരിക്കാൻ സൌകൎയ്യം കിട്ടിയെന്നു ഒരു മെച്ചംമാത്രം. ശൂന്യപ്രായമായ ഈ സംരംഭം അവസാനിപ്പിക്കുക തന്നെയാണു് രണ്ടു കൂട്ടരുടേയും ശ്രേയസ്സിന്നു നല്ലതു്.

തേനഞ്ചേരി ഇളയതു് : പ്രധാനമന്ത്രിയും തലച്ചെന്നവരും ഉണൎത്തിച്ചതിലധികമൊന്നും ഈയുള്ളവന്നു് അറിയിക്കാനില്ല. ഈ ചാവേർ പുറപ്പാടു ഏതുവിധമെങ്കിലും അവസാനിപ്പിക്കുക തന്നെയാണു് നല്ലതു്.

സാ : മന്ത്രിസഭയുടെ അഭിപ്രായം നാം സ്വീകരിച്ചിരിക്കുന്നു. ചാരപ്രമാണി വന്നുടനെ മങ്ങാടനൊന്നിച്ചു. എന്നെക്കാണണം. ഈ സഭ തല്ക്കാലം പിരിഞ്ഞിരിക്കുന്നു.

(തിരശ്ശീല.)



റായൽ ഇന്ത്യൻ നേവിയിൽ സേവനമനുഷ്ഠിക്കുന്ന ചില സ്ത്രീകൾ കവാത്തു ചെയ്യുന്നതു്

# ഒരാപത്തു്

## (സുഭദ്ര)

### അദ്ധ്യായം IV

(തുടർച്ച)

മിന്നൽപിണർ വേഗത്തിൽ ഇംഗ്ലീഷുകാരൻ ഇംഗ്ലണ്ടിലെത്തുകയും, തന്റെ മേലുദ്യോഗസ്ഥന്റെ സമ്മതം വാങ്ങി തിരികെ പാരീസ്സിൽ മടങ്ങിവരികയും ചെയ്തു. അയാളുടെ സകല പ്ലാനും തെററിച്ചുകൊണ്ടിരിക്കുന്ന സ്ത്രീയെ അന്വേഷിച്ചു, അവരുടെ താമസസ്ഥലമായ ഹോട്ടലിലെത്തി. അപ്പോഴാണ്, അരമണിക്കൂർ മുമ്പേ അവർ സ്ഥലം വിട്ടിരിക്കുന്നുവെന്നും, വിമാനമാർഗ്ഗമാണ് പോയിരിക്കുന്നതെന്നും, അറിഞ്ഞതു്. ഉടനെ വിമാനത്താവളത്തിലെത്തി, താനും ഒരു വിമാനത്തിൽ കേറി റോമിലേക്കു തിരിച്ചു. ഏതോ ഒരു കൃത്രിമപ്പേരിൽ, ഒരു സ്ത്രീ റോമിലേക്കു അതിന്നു മുൻപു പുറപ്പെട്ട വിമാനത്തിൽ, പോയിട്ടുണ്ടെന്നറിഞ്ഞുവെങ്കിലും, അവർ, താനന്വേഷിച്ചു പുറപ്പെട്ട വ്യക്തിയായിരിക്കുമോ എന്നു നിർണ്ണയിക്കുവാൻ സാധിച്ചില്ല. ഏതായാലും റോമിൽ എത്തട്ടെ, ബാക്കി പരിപാടി അവിടന്നു തീർച്ചപ്പെടുത്താം, എന്നു വിചാരിച്ചു യാത്ര തുടർന്നു. ദൂരവും സമയവും അതിലംഘിച്ചുകൊണ്ടുള്ള, വിമാനത്തിന്റെ പോക്കു, വളരെ സുഖപ്രദമായിരുന്നു എങ്കിലും, നമ്മുടെ സഞ്ചാരിയുടെ ശ്രദ്ധ അതിലൊന്നും പതിഞ്ഞില്ല. ഒരു വലിയ നീലപ്പരവതാനിയിൽ കറുത്ത പുള്ളികൾ പോലെ, അവിടവിടെ ചിന്നിക്കിടക്കുന്ന മദ്ധ്യധരണ്യാഴിയിലെ ചെറു ദ്വീപുകൾ കണ്ടു രസിക്കാനായി ആ യാത്രക്കാരനു ക്ഷമയുണ്ടായില്ല. അവയിൽ ചിലതിൽനിന്നു് തീപ്പൊരി പറക്കുന്നതു കാണുമ്പോൾ, വെള്ളത്തിനും തീയിനും തമ്മിലുള്ള ബന്ധത്തെപ്പററി അത്ഭുതം തോന്നുന്നതോടു കൂടി, കേരളീയരെ അവ ചുവന്ന താടിയുടെ തിരപ്പുറപ്പാടും അനുസ്മരിപ്പിച്ചേക്കാം. ചില ചുവന്നതാടിവേഷക്കാർ തിരപ്പുറപ്പാടു സമയത്തു ദംഷ്ട്രം വെളിക്കു കാട്ടി, കണ്ണുരുട്ടി മിഴിക്കുന്നതോടുകൂടി, വായിൽ നിന്നു തീപ്പൊരിയും പറപ്പിക്കാറുണ്ടു്. അതുപോലെതന്നെ, കാണികളെ ആശ്ചര്യപരവശരാക്കുന്നതാണ് ഈ ദ്വീപുകളിൽനിന്നു പുറപ്പെടുന്ന തീപ്പൊരികൾ. ഇവയെല്ലാം ഒരു കാലത്തു കത്തി ജ്വലിച്ചിരുന്ന അഗ്നിപർവ്വതങ്ങളുടെ അവശിഷ്ടങ്ങളാണ്. പ്രകൃതി രമണീയമായ ഈ വക കാഴ്ചകളൊന്നും കണ്ടു രസിക്കാതെ ആലോചനാമഗ്നനായിരിക്കുന്ന സഞ്ചാരിയെ നമുക്കു അല്പം തുടരാം.

പാശ്ചാത്യപരിഷ്കാരത്തിന്റെ കേന്ദ്രമായ പാരീസ്സിൽ, ജനസ്വാധീനവും, ലോകപരിചയവും ഉള്ളതായി, ഒരു ക്ഷൗരകപ്രമാണിയുണ്ടായിരുന്നു. അയാൾ സാധാരണക്കാർക്കുവേണ്ടി പ്രവൃത്തിയെടുത്തിരുന്നില്ല. വലിയ പ്രഭുക്കൾക്കും, കുബേരന്മാർക്കും, പ്രമാണികൾക്കും മാത്രമേ ക്ഷൗരകവൃത്തി ചെയ്തിരുന്നുള്ളു. തന്റെ തൊഴിൽശാലയിൽ സാമാന്യം പ്രമാണികളായ സകലരും വന്നിരുന്നു. അവരുടെ ഉള്ളുകള്ളികളും രഹസ്യങ്ങളും, പോക്കുവരത്തുകളും, എന്നുവേണ്ട, പ്രമാണികളുടെ സകല വർത്തമാനങ്ങളും അയാൾക്കു നിശ്ചയമുണ്ടായിരുന്നു. നമ്മുടെ ഇംഗ്ലീഷുകാരന്റെ ഇപ്പോഴത്തെ പരിശ്രമത്തിൽ വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുവാൻ പററിയ ആൾ ഇയാളാണെന്നു് നമ്മുടെ ഫ്രാൻസ് വിദേശമന്ത്രി അനുമാനിച്ചു. അതിനാൽ ഫ്രാൻസിൽ നിന്നു അവരെ കൂടെക്കൂട്ടിക്കൊണ്ടുപോകുന്നതു് തന്റെ ഇപ്പോഴത്തെ രഹസ്യാന്വേഷണത്തിന്നു് വളരെ സഹായകമായിരിക്കുമെന്നു, ഇംഗ്ലീഷുകാരനോടു ഉപദേശിച്ചു. അതനുസരിച്ചു് അയാൾ ക്ഷൗരകപ്രമാണിയേയും കൂട്ടിക്കൊണ്ടാണ് അന്വേഷണത്തിന്നു പുറപ്പെട്ടതു്.

"ചിന്താ ശതക്ഷുഭിതമാനസനായ" നമ്മുടെ നായകൻ, റോമിലെത്തിയ വിവരം വിമാനോദ്യോഗസ്ഥന്മാർ പറഞ്ഞപ്പോൾ മാത്രമേ അറിഞ്ഞുള്ളു. അവിടെയെത്തിയ ഉടൻതന്നെ തന്റെ ഉദ്ദേശനിവൃത്തിക്കായി വേണ്ട അന്വേഷണങ്ങൾ തുടർന്നു. ചാരവനിത ഫാസിപ്രമാണിയായ മുസ്സോളിനിയെ അനുഗമിച്ചു് ഉത്തര ഇററലിയിൽ എവിടേയോ ഒരു ഗൂഢസ്ഥലത്താണെന്നു അന്വേഷണഫലമായറിഞ്ഞു. ഒട്ടുംതന്നെ സമയം, നഷ്ടപ്പെടുത്താതെ വേഗം അയാൾ അങ്ങോട്ടു തിരിച്ചു. തന്റെ സകല വിദ്യകളും ഉപയോഗിച്ചു് അവരെ കണ്ടുപിടിക്കുവാൻ ശ്രമിച്ചുവെങ്കിലും, ശ്രമമെല്ലാം വിഫലമായി റോമിലേക്കുതന്നെ മടങ്ങേണ്ടിവന്നു. തന്നെ സഹായിക്കുവാനായി അനുയാത്ര ചെയ്തിരുന്ന ക്ഷൗരകപ്രമാണിയും, അയാളുടെ ചില ഗൂഢസ്നേഹിതരുംകൂടി ചാരവനിത റോമിൽ തന്നെ ഉണ്ടെന്നു അറിഞ്ഞുവശായി, നാട്ടിൻപുറത്തുള്ള അവരുടെ താമസസ്ഥലത്തെത്തി അവരെ പിടികൂടുന്നതിന്നുവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു. ചാരവൃത്തി എപ്പോഴും അപായകരമായിരിക്കുമെന്നു് നിശ്ചയമുണ്ടായിരുന്ന ക്ഷൗരകപ്രമാണിയുമൊരുമിച്ചു, താൻ ചാരവനിതയുടെ വസതിയിലേക്കു കാറിൽ പോയി. അവരവിടെയുണ്ടെന്നു് സൂക്ഷ്മമായറിഞ്ഞശേഷം ഇംഗ്ലീഷുകാരൻ, ബലമായ ബന്തവസ്സുകളെല്ലാം ഭേദിച്ചു ഉദ്ദിഷ്ട സ്ഥാനത്തെത്തി.

ചാരവനിത: (അല്പം ആശ്ചര്യഭരിതയായിട്ടു) ഇതെന്തു ? ഞാൻ പോകുന്നേടത്തെല്ലാം നിങ്ങൾ പിൻതുടരുന്നെന്നർത്ഥമൊ ? തരക്കേടില്ല. എത്ര ഗൂഢമാണ് എന്റെ സഞ്ചാരപരിപാടി ? എന്നിട്ടുംകൂടി, ഓരോ ഇടത്തും എത്തിക്കൂടുന്ന നിങ്ങളുടെ സാമർത്ഥ്യം അസാമാന്യംതന്നെ.

ഇംഗ്ലീഷുകാരൻ: പുരുഷന്മാരെ വിരട്ടാനുള്ള സാമർത്ഥ്യം കൈവശമാണെന്നു നിങ്ങൾ വ്യാമോഹിച്ചിരിക്കുന്നു. അതു കുറെയെല്ലാം ഞാൻ സമ്മതിക്കുകയും ചെയ്യാം. എങ്കിലും, ചാരചക്ഷുസ്സു നിങ്ങളുടെ മാത്രം സ്വായത്ത സ്വത്താണെന്നു് ധരിക്കാതിരുന്നാൽ കൊള്ളാം.

ചാ വ; അപ്പോൾ നിങ്ങൾക്കു് അത്ര പ്രാപ്തവും ഗൂഢവുമായ ഒരു ചാരസംഘമുണ്ടെന്നല്ലെ ഞാൻ മനസ്സിലാക്കേണ്ടതു് ?

ഇം: ഞങ്ങളുടെ ആവശ്യത്തിന്നു മതിയായ ഒരു ചാരസംഘമുണ്ടെന്നു പറയാം. പക്ഷേ, ശത്രുവെ പരമാർത്ഥത്തിന്റെ ഉള്ളുകള്ളികളറിയിച്ചാലത്തെ ഫലം ഞാൻ മറക്കുന്നില്ല

ചാ വ: ആട്ടെ എന്നെ അനുധാവനം ചെയ്തു വളരെ വലഞ്ഞിരിക്കുമല്ലൊ. എന്തെങ്കിലും അല്പം ഒരു ലഘുപാനീയം കഴിക്കാനിഷ്ടമായിരിക്കുകയില്ലെ ? (ഇതിനിടെ രണ്ടു പരിചാരകർ പ്രവേശിച്ചു്, പരിഷ്കൃതരീതിയിൽ രണ്ടു ശീതളപാനീയപാത്രങ്ങൾ അവരുടെ മേശപ്പുറത്തു കൊണ്ടുവന്നുവെച്ചു. ആതിഥേയ, നൈസർഗ്ഗിക ചാതുരിയോടുകൂടി അതിഥിയെ സൽക്കരിച്ചു. ആതിഥ്യം സ്വീകരിച്ചു, തന്റെ ഗ്ലാസ്സിലെ പാനീയം കുടിച്ചു കഴിഞ്ഞതോടുകൂടി, എന്തൊ ഒരസുഖമാണ് നമ്മുടെ കഥാനായകന്നു് അനുഭവമായതു്.) (തുടരും.)

## യുദ്ധത്തടവുകാർക്ക് അവരുടെ വീടുകളിൽ നിന്നു കൂടുതൽ കത്തുകൾ അയച്ചുകൊടുക്കണം

ഇവിടുത്തെ ജില്ലാ പട്ടാള ബോർഡിൽ (District Soldiers Board) വിദേശങ്ങളിൽ ശത്രുക്കളുടെ കീഴിൽ യുദ്ധത്തടവുകാരായിരിക്കുന്നവരിൽനിന്നു, നൂറുനൂറുകളായി ഹരജികൾ ലഭിച്ചുകൊണ്ടിരിക്കുന്നു. വീട്ടിൽനിന്നു കത്തുകൾ കിട്ടിയിട്ടു വളരെ മാസങ്ങളായെന്നും, തന്റെ ആളുകൾ ക്ഷേമമായിരിക്കുന്നോ എന്നന്വേഷിച്ചാൽ കൊള്ളാം എന്നും, അവരിൽ മിക്കവരും എഴുതുന്നു.

പ്രസ്തുത ബോർഡു്, കഴിയുന്നേടത്തോളം, പട്ടാളക്കാരുടെ കുടുംബവുമായി ഇടപെടുകയും, പട്ടാളക്കാർക്കു കൂടക്കൂടെ കത്തയക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ടു്.

ഈ പത്രിക വായിക്കുന്നവരിൽ ചിലർക്കു്, പുത്രന്മാരോ, സഹോദരന്മാരോ, പിതാവോ, ഭർത്താവോ, ആരെങ്കിലും, ശത്രുക്കളുടെ യുദ്ധത്തടവുകാരായിട്ടുണ്ടെന്നിരിക്കാം. അങ്ങിനെയാണെങ്കിൽ, മാസത്തിൽ രണ്ടു പ്രാവശ്യം അവർക്കു കത്തയക്കാൻ പത്രിക വായിക്കുന്നവരോടു അപേക്ഷിക്കുന്നു. കത്തു ഇംഗ്ലീഷിലായിരിക്കണം. കത്തെഴുതുന്നയാൾക്കു ഇംഗ്ലീഷറിഞ്ഞുകൂടെങ്കിൽ, പ്രസ്തുത ബോർഡിലുള്ളവർ ഇംഗ്ലീഷിലെഴുതിക്കൊടുക്കും.

ജാപ്പാൻകാരുടെ കീഴിൽ പെട്ടിട്ടുള്ള തടവുകാർക്കു, ഇരുപത്തഞ്ചു വാക്കുകളിലധികം അയച്ചുകൂടാ. അതും, ടൈപ്പു ചെയ്തതോ ബ്ലോക്കക്ഷരത്തിൽ എഴുതിയതോ, ആയിരിക്കണമെന്നുമുണ്ടു്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, " VICTORY HOUSE ", MOUNT ROAD, MADRAS.